# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/റ്റി.വിഎം./ബി.പി.2/1281/2023.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/10/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നമ്പർ: കെ.എസ്.എ/റ്റി.വിഎം./ബി.പി.2/1281/2023. തീയ്യതി: 16/10/2023

## തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഹരികുമാർ.ജി | ജോയിന്റ് ഡയറക്ടർ | 10-07-2023 | 19-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-07-2023 | 19-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ബിന്ദു.ഒ, ഓഡിറ്റ് ഓഫീസർ

ശ്രീ.പ്രവീൺ.എൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സജേഷ്.ആർ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ശ്രീദേവി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജയശ്രീ.പി.സി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ലെനിൻ.എൽ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സനൂജ ബീഗം.എം.ആർ | പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് 1 | 01-04-2022 | 31-03-2023 |
| ഡോ.അനിൽകുമാർ.പി | മെഡിക്കൽ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സുസ്മിത.കെ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ബിജു.ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 02-01-2023 |
| ശ്രീ.വിനോദ്.എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 03-01-2023 | 31-03-2023 |
| ഡോ.ഷബ്ന.ഡി.എസ് | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-04-2022 | 03-12-2022 |
| ഡോ.അജിത്ത്കുമാർ.എസ്.എൽ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 03-12-2022 | 31-03-2023 |
| ഡോ.ജിജി ഭായി.സി.ജെ | സീനിയർ വെറ്റിനറി സർജൻ | 01-04-2022 | 01-10-2022 |
| ഡോ.ഡാലിയ.എം.ജി | സീനിയർ വെറ്റിനറി സർജൻ | 01-10-2022 | 10-01-2023 |
| ഡോ.ശാന്തി ജയദേവൻ | സീനിയർ വെറ്റിനറി സർജൻ | 11-01-2023 | 31-03-2023 |
| ശ്രീമതി.സിജി മജീദ് | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2022 | 12-10-2022 |

| | | | |
|---|---|---|---|
| ശ്രീമതി.പദ്മജാദേവി.ജി | ശിശു വികസന പദ്ധതി ഓഫീസർ | 13-10-2022 | 30-11-2022 |
| ശ്രീമതി.സിജി മജീദ് | ശിശു വികസന പദ്ധതി ഓഫീസർ | 01-12-2022 | 31-03-2023 |
| ശ്രീ.നൌഷാദ്.എ | അഗ്രികൾച്ചർ അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.ഇമ്മാനുവൽ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 07-07-2022 |
| ശ്രീ.ബിനുലാൽ.എസ് | വ്യവസായ വികസന ഓഫീസർ | 08-07-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സ**ർ**ട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല | 1-1-3 |
| 5 | ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. | 1-1-4 |
| 6 | തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-1-5 |
| 7 | ഷെഡ്യൂളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക ബാങ്ക് നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബാങ്ക് അക്കൗണ്ടുകളുടെ വിവരം ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-9 |
| 11 | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - തുക പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ഡെപ്പോസിറ്റ് നൽകിയ തുക ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെടുത്തിട്ടിട്ടില്ല | 1-1-11 |
| 13 | കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-12 |
| 14 | ബാധ്യത മുൻവർഷത്തേതു പോലെ നിലനിൽക്കുന്നു | 1-1-13 |
| 15 | MNREGS കണക്കുകൾ വാ**ർ**ഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-14 |
| 16 | അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-1-15 |
| 17 | ഡെപ്പോസിറ്റ് രജിസ്റ്റ**ർ** പരിപാലിക്കുന്നില്ല | 1-1-16 |
| 18 | ഗ്രാമപഞ്ചായത്ത് വിഹിതം കണക്ക് പൊരുത്തപ്പെടുന്നില്ല. | 1-1-17 |
| 19 | വരവ് തുകകൾക്ക് രസീത് നൽകുന്നില്ല | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | ബജറ്റ് അപാകതകൾ | 1-2-1 |
| 22 | സാമ്പത്തിക വിശകലനം | 1-3 |
| 23 | ഗ്രാന്റ് വിനിയോഗം | 1-4 |
| 24 | പദ്ധതി അവലോകനം | 1-5 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 26 | മറ്റു ഓഡിറ്റുക**ൾ** നടത്തിയതിന്റെ വിവരം | 1-7 |
| 27 | രസീത് പരിശോധന | 1-8 |
| 28 | അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-9 |

| | | |
|---|---|---|
| 29 | വൈദ്യുത ചാർജ്ജ് /വെള്ളക്കരം വൻ തുക കുടിശ്ശിക. | 1-10 |
| 30 | ബ്ളോക്ക് പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കേണ്ടതാണ് | 1-11 |
| 31 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി -ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തുക 2040000/- രൂപ തടസ്സം വയ്ക്കുന്നു. | 1-12 |
| 32 | പഠനമുറി - പ്രോജക്ട് അപാകതകൾ | 1-13 |
| 33 | പഠനമുറി നിർമ്മാണം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 1-14 |
| 34 | ബിഹേവിയറൽ തെറാപ്പിസ്റ്റിന് 2 ദിവസത്തെ വേതനം 2000 രൂപ അധികം നൽകി | 1-15 |
| 35 | പർച്ചേസ് ചെയ്യുന്ന സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ വരവ് ചേർക്കുന്നില്ല | 1-16 |
| 36 | വയോജന ആരോഗ്യ പരിപാലന പദ്ധതി പ്രകാരം 292169 രൂപയുടെ മരുന്നു ലഭിച്ചതിന്റെ രേഖയില്ല – തുക തടസ്സപ്പെടുത്തുന്നു | 1-17 |
| 37 | ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-18 |
| 38 | കൃഷി അനുബന്ധ വിഷയങ്ങൾ – പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-19 |
| 39 | കൃഷി - പ്രോജക്ട് നിർവ്വഹണത്തിൽ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല | 1-20 |
| 40 | ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ - പ്രോജക്ട് നിർവ്വഹണം ഉണ്ടാകുന്നില്ല – പ്രത്യേക ശ്രദ്ധ അനിവാര്യം | 1-21 |
| 41 | 2022-23 ലെ പ്രോജക്ടിന് 2021-22 ലെ പ്രോജക്ടിന്റെ ടെൻഡർ പ്രകാരം ലാബ് റീ ഏജന്റ് വാങ്ങി | 1-22 |
| 42 | കമ്പ്യൂട്ടർ,ഫർണ്ണിച്ചർ വാങ്ങൽ, നടപടിക്രമം പാലിച്ചില്ല | 1-23 |
| 43 | വക്കം ആർ.എച്ച്.സി എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ അനുബന്ധരേഖകൾ പരിശോധനയ്ക്ക്ഹാജരാക്കിയില്ല | 1-24 |
| 44 | പാലിയേറ്റീവ് കെയർ -മരുന്നു വാങ്ങൽ അനുബന്ധരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സം ചെയ്യുന്നു . | 1-25 |
| 45 | ക്രമവിരുദ്ധമായി നിർമ്മാണ കാലാവധി നീട്ടിനൽകി | 1-26 |
| 46 | ആർ ആർ എഫ് പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസം | 1-27 |
| 47 | നിർമ്മാണം പൂർത്തിയായ ടേക്ക് എ ബ്രേക്ക്, പ്രവർത്തനം ആരംഭിച്ചില്ല | 1-28 |
| 48 | സ്ഥലം സന്ദർശിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ നിർമ്മാണം പൂർത്തിയാകുന്നതിന് കാലതാമസം | 1-29 |
| 49 | സുരക്ഷ - പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ | 1-30 |
| 50 | ഭവന നിർമ്മാണം - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ നിലനിൽക്കുന്നു. | 1-31 |
| ഭാഗം **2** | | |

| | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |



| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 20.06.23 ലെ II(1)-ാം നം. ജനറൽ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 23.06.23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.വരും വർഷങ്ങളിൽ തയ്യാറാക്കി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.2/11.07.23 ന്റെ മറുപടി).

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ ആ വർഷത്തെ ക്യാഷ് ഫ്ലോയും അതേ പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുന്നില്ല. പ്രസ്തുത അപാകത അടുത്ത വർഷം പരിഹരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.13/15.07.23 ന്റെ മറുപടി).

### 1-1-3 സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല

വർഷാന്ത്യത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിൽ

B-14 Stock In Hand ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് അടിയന്തിരമായി മൂല്യനിർണയം നടത്തി അപ്ഡേറ്റ് ചെയ്യുന്നതാണെന്ന് അറിയിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.2/11.07.23 ന്റെ മറുപടി).

### 1-1-4 ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിലെ ചുവടെ പറയുന്ന Fixed Asset- കളുടെ അക്യൂമലേറ്റഡ് ഡിപ്രീസിയേഷൻ നിശ്ചിത നിരക്കിൽ കണക്കാക്കി Income & Expenditure Statement I-17(a) -ൽ രേഖപ്പെടുത്തിട്ടില്ല. ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ മുൻ വർഷങ്ങളിലെ Accumulated Depreciation തന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | ഹെഡ് കോഡ് | Fixed Asset | 2020-21, 2021-22 ബാലൻസ് ഷീറ്റുകൾ പ്രകാരം | 2022-23 ബാലൻസ് ഷീറ്റ് പ്രകാരം |
|---|---|---|---|---|
| 1 | 411300101 | Roads & Bridges | 1499640 | 1499640 |
| 2 | 411310101 | Sewerage & Drainage | 43193 | 43193 |
| 3 | 411320101 | Waterways | 204926 | 204926 |

2023-24 മുതൽ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ആസ്തികൾക്ക് മാത്രമേ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുള്ളൂ എന്നറിയിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.2/11.07.23 ന്റെ മറുപടി).

### 1-1-5 തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

2021-22, 2022-23 വർഷങ്ങളിലെ ബി-4 ഷെഡ്യൂൾ പ്രകാരം, 320100204 – Grants-Local Area D എന്ന ഹെഡ്ഡിൽ 189700 രൂപ നീക്കിയിരിപ്പ് ഉണ്ട്. ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽ 31.03.2015 മുതൽ നീക്കിയിരിപ്പുള്ളതാണ് ടി തുക എന്നു കാണുന്നു. ലോക്കൽ സാംഖ്യയിൽ പേയ്മെന്റ് ഹെഡ് തെറ്റായി രേഖപ്പെടുത്തിയതിനാലാകാം മേൽ തുക നീക്കിയിരിപ്പുള്ളതെന്ന് മറുപടി നൽകിയിരിക്കുന്നു. എന്നാൽ ഏതു ഹെഡ്ഡിലാണ് യഥാർത്ഥ ചെലവ് വരേണ്ടതെന്നും ചെലവിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

കൂടാതെ 2021-22, 2022-23 വർഷങ്ങളിലെ ബി-4 ഷെഡ്യൂൾ പ്രകാരം 350200301 – Recoveries Payable – Covid എന്ന ഹെഡ്ഡിൽ 113800 രൂപ നീക്കിയിരിപ്പ് കാണുന്നു. മേൽ ഹെഡ്ഡിൽ അവശേഷിച്ചിരുന്ന തുക 2022 മാർച്ചിൽ തന്നെ ട്രഷറിയിൽ നിന്നും സർക്കാർ പിൻവലിച്ചിരുന്നതാണെന്നും പേയ്മെന്റിൽ കാണിക്കാത്തതിനാലാണ് എ.എഫ്.എസിൽ നീക്കിയിരിപ്പ് കാണിക്കുന്നതെന്നും വരും വർഷം അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.2/11.07.23 ന്റെ മറുപടി).

### 1-1-6 ഷെഡ്യൂളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

RP-34 പ്രകാരം, 340109901 – Other Deposits ഹെഡ്ഡിൽ 336318/- രൂപയുടെ ചെലവ് കാണുന്നു. എന്നാൽ ജനറൽ ലെഡ്ജർ ട്രയൽ ബാലൻസ് പ്രകാരം ടി ഹെഡ്ഡിലെ ചെലവ് 336352/- രൂപയാണ്. വ്യത്യാസമുള്ള തുക പെനാൽറ്റീസ് & ഫൈൻസ് ഇനത്തിൽ ലഭിച്ചതാണെന്നും ജേണൽ വൗച്ചർ ഇട്ടപ്പോൾ വന്ന ക്ലറിക്കൽ അപാകതയാണെന്നും അറിയിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.2/11.07.23 ന്റെ മറുപടി). പ്രസ്തുത ജേണൽ വൗച്ചറുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതാണ്.

### 1-1-7 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക ബാങ്ക് നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല

ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.
ബി-4 ഷെഡ്യൂൾ പ്രകാരം സിഎഫ്സി ഫണ്ടുകളുടെ ആകെ നീക്കിയിരിപ്പ് 7897586 രൂപയാണ്. എന്നാൽ സിഎഫ്സി ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.110001669170) 7523169 രൂപയാണ് നീക്കിയിരിപ്പുള്ളത്. അതിൽ 243933 രൂപ പലിശയിനത്തിൽ ലഭിച്ച തുകയാണ്. ബാക്കി നീക്കിയിരിപ്പ് തുകയിൽ 130484 രൂപയുടെ വ്യത്യാസം കാണുന്നു. വ്യത്യാസമുള്ള തുക മാർച്ച് 31 ന ശേഷം സെറ്റിൽ ചെയ്യുന്ന, ബില്ലുകളിൽ നിന്നും കുറവ് ചെയ്യുന്ന ഐ.റ്റി,

ജി.എസ്.ടി തുകകളാണെന്നും മേൽ വ്യത്യാസം പരിഹരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.2/11.07.23 ന്റെ മറുപടി).

## 1-1-8 ബാങ്ക് അക്കൗണ്ടുകളുടെ വിവരം ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല

ചുവടെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും പ്രസ്തുത അക്കൗണ്ടുകളുടെ വിവരം 2022-23 വർഷത്തെ അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് നം. | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം | |
|---|---|---|---|
| | | 01.04.22 ലെ മുന്നിരിപ്പ് | 31.03.23 ലെ നീക്കിയിരിപ്പ് |
| 1 | 1199104000071752 | 57500 | 59240 |
| 2 | 12960100171132 | 2555 | 2630 |
| 3 | 40092200096475 * | 1726454.67 | 1777068.67 |
| 4 | 12960100166843 | 2460915.13 | 2660754 |

* 2021-22 വർഷം State Mission Director, NHM, TVPMൽ നിന്നും ലഭിച്ച 10,00,000 രൂപ 2022-23 ലും ചെലവഴിച്ചിട്ടുള്ളതായി കാണുന്നില്ല.

മേൽ അക്കൗണ്ടുകളിൽ ട്രാൻസാക്ഷൻ ഇല്ലാത്തതിനാലാണ് അവയുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താത്തതെന്ന് അറിയിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.2/11.07.23 ന്റെ മറുപടി). പഞ്ചായത്തിന്റെ പേരിലുള്ള എല്ലാ ആക്ടീവ് ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ വിവരങ്ങളും അക്കൗണ്ട്സിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. അതിനാൽ വാർഷിക കണക്കിലെ B-11 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്ത് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.2/11.07.23 ന്റെ മറുപടി).

## 1-1-10 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - തുക പൊരുത്തപ്പെടുന്നില്ല

2021-22 ബി-18 ഷെഡ്യൂൾ പ്രകാരം കേരള വാട്ടർ അതോറിറ്റിയ്ക്ക് ഡെപ്പോസിറ്റ് അനുവദിച്ച തുക 4484375 രൂപയായിരുന്നു. 2022-23 ബി-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് തുക 3847248 രൂപയാണ്. വ്യത്യാസമുള്ള 637127 രൂപയിൽ 75659 രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ബാക്കിയുള്ള തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതും ഇല്ലായെങ്കിൽ ടി തുകയെ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ് (ഓഡിറ്റ് അന്വേഷണം നം.13/15.07.23 ന്റെ മറുപടി).

## 1-1-11 ഡെപ്പോസിറ്റ് നൽകിയ തുക ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെടുത്തിട്ടിട്ടില്ല

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 150/23 – കുഴൽക്കിണർ നിർമ്മാണം കിഴുവിലം യു.പി.എസ് ന്റെ ഭാഗമായി 88369 രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-47 ഡെപ്പോസിറ്റ് ഹെഡ്ഡിൽ വന്നിട്ടില്ല. കൂടാതെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത ടി തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 2021-22 ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക 72824 തന്നെയാണ്. ഓഡിറ്റ് അന്വേഷണം നം.13/15.07.23 നൽകിയെങ്കിലും മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ഡെപ്പോസിറ്റ് ഹെഡ്ഡിൽ വരേണ്ട മേൽ തുകയെ ഏത് ചെലവ് ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്.

## 1-1-12 കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി 2023 മാർച്ച് ലെ ശമ്പളം, ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. മുൻകാലങ്ങളിൽ ഇത്തരം ചെലവുകൾക്കൊന്നിനും പ്രൊവിഷൻ നൽകിയിട്ടില്ല എന്നറിയിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.13/15.07.23 ന്റെ മറുപടി). പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കുള്ള

പ്രൊവിഷൻ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-1-13 ബാധ്യത മുൻവർഷത്തേതു പോലെ നിലനിൽക്കുന്നു

2020-21, 2021-22 വർഷത്തെ ബി 9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തിയിരുന്ന ചുവടെ ചേർക്കുന്ന തുകകൾ 2022-23 ലും ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് തിരികെ ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നം. | കോഡ് | ഇനം | തുക |
|---|---|---|---|
| 1 | 350300103 | Government And Other Dues Payable-Value Added Tax | 972 |
| 2 | 350300104 | Government And Other Dues Payable-service Tax | 7189 |
| 3 | 350300199 | Government And Other Dues Payable-others | 145857 * |
| 5 | 350100201 | Other Liabilities | 2458525 ** |

* മുൻവർഷത്തെ ബാലൻസ് തുകയായ 70198 രൂപ കൂടി ഉൾപ്പെട്ടത്.

** മുൻവർഷത്തെ ബാലൻസ് തുകയായ 1616314 രൂപ കൂടി ഉൾപ്പെട്ടത്.

മേൽപ്പറഞ്ഞ തുകകൾ എല്ലാം തന്നെ ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് ഒടുക്കിയിട്ടുള്ളതാണെന്നും തുക ഒടുക്കിയ സമയത്ത് 2 ൽ തുടങ്ങുന്ന ഹെഡ്ഡിൽ ചെലവ് കാണിച്ചതിനാലാണ് ലയബിലിറ്റിയായി നിലനിൽക്കുന്നതെന്നും അറിയിച്ചിരിക്കുന്നു. പ്രസ്തുത അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.13/15.07.23 ന്റെ മറുപടി). മേൽ തുകകൾ ഒടുക്കുവരുത്തിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-14 MNREGS കണക്കുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

MNREGS ന്റെ വരവ്, ചെലവ് തുകകളൊന്നും തന്നെ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ബന്ധപ്പെട്ട അഡ്മിൻ ബാങ്ക് അക്കൗണ്ട് നം. 102601000005391 പ്രകാരം 28616/-രൂപ മുന്നിരിപ്പും 4380/- രൂപ നീക്കിയിരിപ്പും കാണുന്നു. കൂടാതെ അക്കൗണ്ട് നം. 102601000044815 പ്രകാരം 21853 രൂപ നീക്കിയിരിപ്പ് ഉണ്ട് (മുന്നിരിപ്പ് - 0). എന്നാൽ പ്രസ്തുത അക്കൗണ്ട് വിവരം RP-40 (A), RP 40 (B) എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടല്ലാത്തതിനാലാണ് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്താത്തതെന്ന് അറിയിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.13/15.07.23 ന്റെ മറുപടി). MNREGS ന്റെ കണക്കുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-15 അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

RP-47 ഷെഡ്യൂളിലെ ഹെഡ്ഡ് കോഡ് 460100103 പ്രകാരം Temporary Advance For Official Purposes ഇനത്തിൽ 705937 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള ചെലവ് 686347/- രൂപയാണ്. കൂടാതെ രജിസ്റ്റർ പ്രകാരം 471290 രൂപ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ B-18 ഷെഡ്യൂൾ പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക 62087 രൂപ മാത്രമാണ്. ഇത് അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

അഡ്വാൻസ് രജിസ്റ്ററിൽ 60000/- രൂപ അഡ്വാൻസ് അനുവദിച്ചത് സംബന്ധിച്ച് രേഖപ്പെടുത്തൽ വരുത്താൻ വിട്ടുപോയെന്നും രജിസ്റ്റർ പ്രകാരമുള്ള യഥാർത്ഥ ചെലവ് 746347/- രൂപയാണെന്നും അക്കൗണ്ട്സിലും തെറ്റായി ചെലവ് രേഖപ്പെടുത്തിയതാണെന്നും മറുപടി നൽകിയിരിക്കുന്നു. കൂടാതെ യഥാർത്ഥത്തിൽ 643850 രൂപ അഡ്വാൻസ് തുക റീക്കൂപ്പ് ചെയ്തിട്ടുണ്ടെന്നും രജിസ്റ്ററിലെ രേഖപ്പെടുത്തൽ തെറ്റാണെന്നും അതിനാൽ വാർഷിക കണക്കിൽ B-18 ഷെഡ്യൂൾ പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക 62087 രൂപ എന്നതിനു പകരം 103297 രൂപയാണ് ഉൾപ്പെടുത്തേണ്ടിയിരുന്നതെന്നും അറിയിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.13/15.07.23 ന്റെ മറുപടി). എന്നാൽ ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകയിൽ പൊരുത്തക്കേടുണ്ട്. ലഭ്യമാക്കിയ കണക്ക് പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക 102497/- (746347-643850) രൂപയാണ്. പൊരുത്തക്കേടിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-16 ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല

2022-23 സാമ്പത്തിക വർഷത്തെ B-7 ഷെഡ്യൂൾ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ നീക്കിയിരിപ്പ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 1 | Contractor's EMD | 15529 |
| 2 | Contractor's Security Deposit | 4960 |
| 3 | Contractor's Retention | 834944 |
| 4 | Other Deposits | 1075248 |
| 5 | Rent Deposit | 2175 |
| 6 | Auction Deposit | 83707 |
| 7 | Water Deposit | 12494 |
| 8 | Other Deposits-Revenue | 69330 |
| 9 | Deposit Received From Others | 569027 |

ക്രമ നം.3 മുതലുള്ള ഡെപ്പോസിറ്റ് ഇനങ്ങളിലെ നീക്കിയിരിപ്പ് തുക 2021-22 മുതലുള്ള തുകയാണ്. കൂടാതെ ക്രമ നം. 1ലെ നീക്കിയിരിപ്പ് തുക മുൻവർഷത്തെ നീക്കിയിരിപ്പ് കൂടി ഉൾപ്പെട്ട തുകയാണ്. മേൽ ഡെപ്പോസിറ്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി തുകകൾ എന്ന് മുതലുള്ളതാണെന്ന വിവരം ലഭ്യമല്ല. ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരമുള്ള തുകകളിൽ 3 വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് സമർപ്പിക്കുന്നതാണെന്നും മറുപടി നൽകിയിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.13/15.07.23 ന്റെ മറുപടി).

## 1-1-17 ഗ്രാമപഞ്ചായത്ത് വിഹിതം കണക്ക് പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം വില്ലേജ്/ഗ്രാമ പഞ്ചായത്ത് വിഹിതമായി സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | 2021-22 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 RP-7, RP-31പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വില്ലേജ്/ഗ്രാമ പഞ്ചായത്ത് വിഹിതം | 4132983 | 4092000 | 8224983 | 2142000 | 6082983 | 1950000 |

മുന്നിരിപ്പുണ്ടായിരുന്ന 4132983/- രൂപയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ വന്നിട്ടില്ല. എന്നാൽ ബി-4 ഷെഡ്യൂളിലെ നീക്കിയിരിപ്പിൽ ടി തുക ഉൾപ്പെട്ടിട്ടുമില്ല ഓഡിറ്റ് അന്വേഷണം നം.13/15.07.23 നൽകിയെങ്കിലും മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-18 വരവ് തുകകൾക്ക് രസീത് നൽകുന്നില്ല

ബ്ളോക്ക്പഞ്ചായത്തിന്റെ 2022-23 സാമ്പത്തികവർഷത്തെ വരവ് തുകകകൾ ഒന്നും തന്നെ രസീതുകൾ മുഖേനയല്ല സ്വീകരിച്ചിരിക്കുന്നത്. വിശദവിവരം ഖ.1-8 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-2 ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക ബജറ്റ് 26.03.22 ലെ അടിയന്തിര യോഗം 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 8117811 |
| വരവ് | 637067712 |
| ആകെ | 645185523 |
| ചെലവ് | 612795681 |
| നീക്കിയിരിപ്പ് | 32389842 |

2022-23 ലെ പുതുക്കിയ ബജറ്റ് 28.03.2023 ലെ സാധാരണ യോഗം 3/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-2-1 ബജറ്റ് അപാകതകൾ

എ) ബജറ്റ് രൂപീകരണം

1. ബജറ്റ് ശുപാർശ, രൂപീകരണം എന്നിവ ഉൾപ്പെട്ട 2022-23 വർഷത്തെ ബജറ്റ് ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ട താഴെപ്പറയുന്ന പ്രധാന രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

എ) ബജറ്റ് പ്രസംഗം

ബി) ബജറ്റ് കുറിപ്പുകൾ

സി) ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

ഡി) പെർഫോമൻസ് ബജറ്റ്

ഇ) ജെൻഡർ ബജറ്റ്

2. ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ ഘടകസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ആവശ്യകതാ പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. വാർഷിക ബജറ്റ് ഫങ്ഷൻ ഫങ്ഷനറി അക്കൗണ്ട് കോഡ് അടിസ്ഥാനത്തിൽ തയ്യാറാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ 2023-24 വർഷത്തെ ബജറ്റിനോടൊപ്പം പരിഷ്കരിച്ചിട്ടുള്ള 2022-23 ലെ റിവൈസ്ഡ് ബജറ്റ് അക്കൗണ്ട് കോഡ് അടിസ്ഥാനത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്.

ബി) ബജറ്റ് വകയിരുത്തൽ-ചെലവ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72,73,74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയോ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഉചിതമായ ബജറ്റ് തുക വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. എന്നാൽ 2022-23 സാമ്പത്തിക വർഷത്തെ റിവൈസ്ഡ് ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ/വകയിരുത്താതെ ചുവടെ പറയുന്ന ഇനങ്ങൾക്ക് ചെലവഴിച്ചിരിക്കുന്നതായി കാണുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൌണ്ട് | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|
| 1 | 2101001 | - | 13260 |
| 2 | 2202001 | 2800 | 3360 |
| 3 | 2202101 | 80000 | 80306 |
| 4 | 2208001 | 425000 | 604310 |
| 5 | 2301002 | 325000 | 346495 |

| | | | |
|---|---|---|---|
| 6 | 2304001 | - | 392586 |
| 7 | 2305005 | 2500 | 5437 |
| 8 | 2501026 | - | 100000 |
| 9 | 2501046 | - | 2040000 |
| 10 | 2501048 | - | 1363995 |
| 11 | 2502002 | - | 223892 |
| 12 | 2511007 | - | 120000 |
| 13 | 2512003 | - | 33215 |
| 14 | 2512004 | 1500000 | 1699941 |
| 15 | 2512007 | 500000 | 514024 |
| 16 | 2513009 | - | 49800 |
| 17 | 2513012 | 89640 | 856773 |
| 18 | 2513015 | - | 3786795 |
| 19 | 2514101 | 500000 | 600000 |
| 20 | 2523002 | - | 34710 |
| 21 | 2531001 | 3400000 | 4327609 |
| 22 | 2531007 | - | 500000 |
| 23 | 2531012 | 262072 | 304442 |
| 24 | 2552001 | - | 28640 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.19/19.05.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം വരും വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുമ്പോൾ മേൽ അപാകതകൾ എല്ലാം പരിഹരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രം ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 2,56,60,533 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,74,61,621 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 9,12,52,947 |
| നീക്കിയിരിപ്പ് | 2,18,69,207 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 27672000 | 2767200 | 24277629 | 3394371 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 21981000 | 21981000 | 19338666 | 2642334 |
| വികസനഫണ്ട് (CFC Tied) | 0 * | 8810508 | 8810508 | 9321386 | -510878 |
| വികസനഫണ്ട് (CFC Untied) | 0 * | 4557455 | 4557455 | 2840352 | 1717103 |
| മെയിന്റനൻസ് ഫണ്ട് | 0 | 10489000 | 10489000 | 6285570 | 4203430 |

| (റോഡിതരം) | | | | | |
|---|---|---|---|---|---|

* വാർഷിക ധനകാര്യപത്രിക പ്രകാരം CFC ടൈഡ് ഫണ്ടിന് 4937952/- രൂപയും CFC അൺടൈഡ് ഫണ്ടിന് 58725/- രൂപയും മുന്നിരിപ്പ് ഉണ്ട്.

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച അപാകതകളും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.4/12.07.23 ന് ലഭ്യമാക്കിയ മറുപടിയും ചുവടെ ചേർക്കുന്നു.

1. ചുവടെ ചേർക്കുന്ന ഗ്രാന്റുകളുടെ 2022-23 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവുകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (General) | Grant Statement | 24277629 |
| | ACR | 24323042 |
| | Accounts | 24277629 |
| Development Fund (SCP) | Grant Statement | 19338666 |
| | ACR | 19694666 |
| | Accounts | 19338666 |
| Development Fund (CFC Tied) | Grant Statement | 9321386 |
| | ACR | 9321386 |
| | Accounts | 4050832 |
| Development Fund (CFC UnTied) | Grant Statement | 2840352 |
| | ACR | 2840352 |
| | Accounts | 2701627 |

കൂടാതെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം Development Fund (CFC Tied) ന്റെ നീക്കിയിരിപ്പ് നെഗറ്റീവ് (-510878) ആണ്.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എസിആർ എന്നിവയിലുള്ള വ്യത്യാസത്തിനുള്ള കാരണം Queue Bill Amount ആണെന്നും ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അക്കൗണ്ട്സ് എന്നിവയിലെ വ്യത്യാസത്തിനു കാരണം വൗച്ചർ നം., ചെക്ക് നം. എന്നിവ ഉപയോഗിച്ച് സുലേഖയിൽ സെറ്റിൽ ചെയ്യുതും എന്നാൽ തുക ബാങ്കിൽ നിന്നും മാറി നൽകുന്നതിന് കാലതാമസം വന്നതിനാലുമാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ മുൻവർഷം Development Fund (CFC Tied) ൽ ലഭ്യമായ തുകയുടെ ചെലവ് കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് എസിആർ ൽ ചെലവ് കൂടി വന്നതെന്നും അതിനാലാണ് നീക്കിയിരിപ്പ് നെഗറ്റീവ് (-510878) ആയതെന്നും മറുപടി നൽകിയിട്ടുണ്ട്.

2. സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.22, ഖണ്ഡിക 6.1.1 പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം ഫണ്ടുകൾ പാഴാക്കാൻ പാടില്ല. 2022-23 വർഷം വകയിരുത്തിയ ചുവടെ പറയുന്ന എസ്.സി.പി ഫണ്ട് തൻവർഷം ചെലവഴിച്ചിട്ടില്ല.

| പദ്ധതി നം. | പദ്ധതി പേര് | അടങ്കൽ (ഫണ്ട്) | പദ്ധതി ഏറ്റെടുത്ത നിർവഹണോദ്യോഗസ്ഥൻ | ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 55/23 | ലൈഫ് ഭവന സമുച്ചയ നിർമ്മാണം എസ്.സി.പി | 1500000 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ബഹു വർഷ പ്രോജക്ടാണ്. പ്രോജക്ട് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. |
| 26/23 | പഠനമുറി(എസ്.സി.പി) | 150000 | പട്ടികജാതി വികസന ഓഫീസർ | മാർച്ച് മാസം നൽകിയ ട്രഷറി ബിൽ ക്യൂ ബിൽ ആയതിനാലാണ് സുലേഖയിൽ ചെലവ് കാണിക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട്. |
| 28/23 | പഠനമുറി 2019-20 തുക നൽകൽ | 50000 | പട്ടികജാതി വികസന ഓഫീസർ | ആകെയുള്ള ഒരു ഗുണഭോക്താവിന്റെ പഠനമുറിയുടെ പണി |

| | | | | |
|---|---|---|---|---|
| | | | | പൂർത്തിയായിട്ടില്ല. ആയതിനാൽ തുക ചെലവഴിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. |
| 156/23 | വനിതാ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ എസ്.സി | 775000 | ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | മറുപടി നൽകിയില്ല |
| 84/23 | ചരുവിള കോടിക്കകം റോഡ് കോൺക്രീറ്റിംഗ് പാർശ്വഭിത്തി നിർമ്മാണം-കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് | 866516 | അസി.എക്സിക്യൂട്ടീവ് ഇഞ്ചിനീയർ | സൈറ്റിലുണ്ടായ തർക്കം മൂലം പ്രവൃത്തി യഥാസമയം ആരംഭിക്കാൻ കഴിഞ്ഞില്ലെന്നും പ്രശ്നം പരിഹരിച്ച് പ്രവൃത്തി തുടങ്ങാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. |
| 86/23 | കൂടത്തിൽ കിഴക്കേതിട്ട റോഡ് കോൺക്രീറ്റിംഗ് - ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് | 600000 | അസി.എക്സിക്യൂട്ടീവ് ഇഞ്ചിനീയർ | സൈറ്റിലുണ്ടായ തർക്കം മൂലം പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞില്ല. |

3. ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നിരിക്കെ പട്ടികജാതി ഉപപദ്ധതിക്കായി ലഭിച്ച ആകെ 251247788/- രൂപയിൽ 19338666/- രൂപ മാത്രമാണ് ചെലവഴിച്ചത്. 23% തുക ചെലവഴിക്കാതെ പാഴായിരിക്കുന്നു.

പട്ടികജാതി ഉപപദ്ധതിയുടെ ലാസ്റ്റ് അലോട്ട്മെന്റ് ലഭ്യമായത് 2023 മാർച്ച് 30-ാംതീയതി ആയതിനാലാണ് ചെലവ് ശതമാനം കുറഞ്ഞതെന്നും മുൻപ് ലഭിച്ച അലോട്ട്മെന്റ് തുകകളെല്ലാം തന്നെ പൂർണമായി ചെലവഴിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

4. ഖ. 5.4.1(10) പ്രകാരം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയിൽ നിന്നും ഏറ്റവും കുറഞ്ഞത് 10% വനിതാഘടക പദ്ധതിയിക്ക് വകയിരുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ വകയിരുത്തൽ നടത്തിയതിന്റെ 53% മാത്രമേ ചെലവഴിച്ചിട്ടുള്ളു.

5. ഖണ്ഡിക 5.2 പ്രകാരം വികസന ഫണ്ടിൽ നിന്നും അനിവാര്യമായും വിഹിതം നീക്കിവെയ്ക്കേണ്ട ചുവടെ പറയുന്ന ഇനങ്ങൾക്ക് തുക വകയിരുത്തിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | ഇനം |
|---|---|
| 1 | എസ്.എസ്.കെ പ്രോജക്ടുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന വിഹിതം നൽകൽ |
| 2 | പ്രധാൻമന്ത്രി ആവാസ് യോജനയ്ക്ക് വേണ്ട അധിക വിഹിതം |
| 3 | അഗതിരഹിത കേരളം പദ്ധതിയുടെ (ആശ്രയ) വിഹിതം |

മേൽ പ്രോജക്ടുകൾ തനത് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുള്ളതായി അറിയിച്ചിരിക്കുന്നു. എന്നാൽ വികസന ഫണ്ടിൽ നിന്നും വിഹിതം നീക്കിവെയ്ക്കാത്തതു സംബന്ധിച്ച് മറുപടി നൽകിയിട്ടില്ല.

6. ബ്ലോക്ക് പഞ്ചായത്തിൽ 2022-23 വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് (%) |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 9095000 | 5280527 | 58 |
| | പട്ടിക ജാതി * | 1033334 | 0 | 0 |
| സേവനം | പൊതുവിഭാഗം | 69080404 | 36958006 | 53.5 |
| | പട്ടിക ജാതി | 40211000 | 15531334 | 38.6 |
| പശ്ചാത്തലം | പൊതുവിഭാഗം | 6292016 | 3293047 | 52.3 |
| | പട്ടിക ജാതി | 7238778 | 4339066 | 60 |

* തുക ചെലവഴിച്ചിട്ടില്ല.

ഗുണഭോക്തൃ ലിസ്റ്റിന്റെ അപര്യാപ്തത, മറ്റ് സാങ്കേതിക ബുദ്ധിമുട്ടുകൾ എന്നിവ മൂലമാണ് തുക പൂർണമായും ചെലവഴിക്കാൻ സാധിക്കാത്തതെന്നും 2023-24 വർഷം തുക പൂർണമായും ചെലവഴിക്കാൻ ശ്രമിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഫണ്ട് വിനിയോഗം

(എ) 2022-23 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 27672000 | 24277629 | 3394371 |
| വികസനഫണ്ട് എസ്.സി.പി | 21981000 | 19338666 | 2642334 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 7598000 | 6285570 | 1312430 |

(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗ്ര.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 10 | 9 | 1 | 4254682 | 3671199 | 86 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 32 | 24 | 8 | 79738573 | 29444290 | 37 |
| പട്ടികജാതി വികസന ഓഫീസർ | 6 | 4 | 2 | 4515000 | 4290967 | 95 |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ | 10 | 10 | 0 | 5675000 | 5580940 | 98 |
| മെഡിക്കൽ ഓഫീസർ, ഗവ.ഹോസ്പിറ്റൽ | 9 | 9 | 0 | 2829000 | 2717719 | 96 |
| അസി.ഡയറക്ടർ, കൃഷി | 5 | 5 | 0 | 1805000 | 1652640 | 91 |
| ഡയറി എക്സ്റ്റൻഷൻ | 4 | 3 | 1 | 5193000 | 3512612 | 68 |

| | | | | | | |
|---|---|---|---|---|---|---|
| ഓഫീസർ | | | | | | |
| ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 3 | 0 | 3 | 2605334 | 0 | 0 |
| അസി.എഞ്ചിനീയർ | 34 | 25 | 9 | 26334943 | 13549511 | 51 |

(സി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 28959619 | 24277619 | 83 |
| എസ്.സി.പി. | 25124778 | 19338666 | 77 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 18096915 | 11749136 | 65 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 20640000 | 0 | 0 |
| തനത് ഫണ്ട് | 2715886 | 626877 | 23 |
| മറ്റ് ഗ്രാമ പഞ്ചായത്ത് | 11940000 | 2142000 | 18 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 13356000 | 0 | 0 |
| മെയിന്റനൻസ് റോഡിതരം | 7598000 | 6285570 | 83 |
| മറ്റുള്ളവ | 4519334 | 0 | 0 |
| ആകെ | 132950532 | 64419878 | 48 |

ഡി) പദ്ധതി അവലോകനം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 113 | 89 | 24 | 128431198 | 64419878 | 50 |

<u>ആസൂത്രണ സമിതി</u>

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1പ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കിയിട്ടില്ല. കൂടാതെ പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചതായും അറിയിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് അന്വേഷണം നമ്പർ 16/15.07.2023ന് നൽകിയ മറുപടി പൂർണമല്ല. ആസൂത്രണ സമിതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 ബി1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു. 2022-23 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 01.01.22 ന് 31 പേർ പങ്കെടുത്ത യോഗവും സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപപദ്ധതി തയ്യാറാക്കുന്നതിനായി 10.01.22 ന് 15 പേർ പങ്കെടുത്ത യോഗവുമാണ് നടത്തിയിട്ടുള്ളത്.

<u>വർക്കിംഗ് ഗ്രൂപ്പ്</u>

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 3.1.2 എ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ള

വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാം തന്നെ തൻവർഷം 2 യോഗങ്ങൾ മാത്രമാണ് കൂടിയിട്ടുള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. എന്നാൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സിൽ ഇപ്രകാരം മോണിറ്ററിംഗ് നടന്നതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.16/15.07.23 ന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | പ്രാദേശിക വികസനം, ചെറുകിട വ്യവസായം | 24.06.22 | മൊബൈൽ റസ്റ്റോറന്റ്, മിനി ഇൻഡസ്ട്രിയൽ ട്രെയിനിംഗ് യൂണിറ്റ്, സ്വയംതൊഴിൽ സംരംഭങ്ങൾ |
| 2 | വനിതകളുടെയും കുട്ടികളുടെയും വികസനം | 24.06.22 | ഭിന്നശേഷി കുട്ടികളുടെ രക്ഷകർത്താക്കൾക്ക് സ്വയം തൊഴിൽ പരിശീലനം |
| 3 | പട്ടികജാതി വികസനം | 14.01.22 | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനുള്ള ശ്രദ്ധ പദ്ധതി |
| 4 | കുടിവെള്ളം, ശുചിത്വം | 12.01.22 | ആധുനിക രീതിയിൽ ശ്മശാനം, മൊബൈൽ ക്രിമിറ്റോറിയം |
| 5 | വിദ്യാഭ്യാസം, കല, യുവജനക്ഷേമം | 12.01.22 | യുവജനങ്ങളിലെ ലഹരി ഉപയോഗം ചെറുക്കുന്നതിന് ബോധവത്കരണ പ്രോജക്ടുകൾ |

നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി അവസ്ഥാരേഖ പരിഷ്കരിച്ചതിന്റെ നടപടിക്രമങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

എല്ലാ മേഖലകളിലെയും പ്രശ്നങ്ങളുടെ തീവ്രത സംബന്ധിച്ച വിവരം സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെ വിശദാംശം ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| 1 | ജൈവവൈവിധ്യം, ദുരന്തനിവാരണം | അതീവ ഗുരുതരം | തീരപ്രദേശത്തെ ദുരന്തങ്ങൾ |
| 2 | ജൈവവൈവിധ്യം, ദുരന്തനിവാരണം | ഗുരുതരം | ചിറയിൻകീഴ്, അഞ്ചുതെങ്ങ്, വക്കം എന്നിവിടങ്ങളിലെ കടലാക്രമണ ഭീഷണി |

പ്രശ്നങ്ങൾക്കുമേൽ സ്വീകരിച്ച പരിഹാരനടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട ചുവടെ പറയുന്ന വിവരങ്ങൾ ആവശ്യപ്പെട്ടുക്കൊണ്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1) മാർഗ്ഗരേഖ 3.4.1(3) പ്രകാരം വാർഷിക പദ്ധതി വിഭവ വകയിരുത്തൽ വിവരങ്ങൾ ഫോറം 7-ൽ തയ്യാറാക്കിയത് ലഭ്യമാക്കിയിട്ടില്ല.

2) മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്തത വരുത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
3) മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാകുന്നതിന് എടുത്ത നടപടികൾ വിശദീകരിച്ചിട്ടില്ല.

5) മാർഗ്ഗരേഖ 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയത് ലഭ്യമാക്കിയിട്ടില്ല.

## 1-6 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ താഴെപ്പറയുന്ന പോരായ്മകൾ കാണുന്നു.
1. ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

2. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുന്നില്ല.

3. ആസ്തി രജിസ്റ്റർ കാലികമല്ല.

4. വരവുകൾ സ്വീകരിക്കുമ്പോൾ സാംഖ്യ രസീതുകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല.

5. അക്കൗണ്ടുകളിലെ വരവ്-ചെലവുകൾ യഥാസമയം കൃത്യമായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.
6. പഞ്ചായത്ത് കോമ്പൗണ്ടിനകത്ത് സ്ഥാപിച്ചിട്ടുള്ള തുമ്പൂർമൂഴി മാലിന്യ സംസ്കരണ സംവിധാനം, ആർ.ആർ.എഫ് എന്നിവ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. വ്യവസായ വികസന ഓഫീസർ അംഗീകാരം വാങ്ങിയ പദ്ധതികൾ നടപ്പിലാക്കാത്തതു മൂലം പദ്ധതി ഫണ്ട് നഷ്ടപ്പെടുന്നു.

8. പദ്ധതികളുടെ ലക്ഷ്യം/ആവശ്യകത എന്നിവ ചർച്ചചെയ്ത് ദീർഘവീക്ഷണത്തോടെ വാർഷിക പദ്ധതികൾ രൂപീകരിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്

9. PMAY ഭവനപദ്ധതിയിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുണ്ട്.

10. അധിക വിസ്തൃതിയിലുള്ള വീടിന് പഠനമുറിക്കായി ധനസഹായം നൽകിയത് ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

11. നിർവ്വഹണോദ്യോഗസ്ഥർ എല്ലാവരും TR 7A ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

12. നിർമ്മാണം പൂർത്തിയായ ടേക്ക് എ ബ്രേക്ക് പ്രവർത്തനം ആരംഭിച്ചിട്ടില്ല.
ഇവകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-7 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ വിവരം | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 24.02.2023 | 24.02.203-28.04.2023 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| എ.ജി ഓഡിറ്റ് | 16.12.2019 | ലഭ്യമല്ല | 14.01.2020 |

## 1-8 രസീത് പരിശോധന

ബ്ളോക്ക്പഞ്ചായത്തിന്റെ 2022-23 സാമ്പത്തികവർഷത്തെ ചുവടെ ചേർത്തിരിക്കുന്ന തനത് വരവുകൾ രസീതുകൾ മുഖേനയല്ല സ്വീകരിച്ചിരിക്കുന്നത്.ഇതിന്റെ സാംഖ്യ രസീതും, സ്റ്റേറ്റ്മെന്റും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | വിഷയം | തീയതി | തുക |
|---|---|---|---|
| 01 | മരം ലേലം ചെയ്തതുക | 25.05.2022 | 1239 |
| 02 | ക്യാന്റീൻ വാടക | 26.07.2022 | 15104 |
| 03 | മരം ലേലം ചെയ്ത തുക(പെരുമരം) | 05.08.2022 | 12025 |
| 04 | ക്യാന്റീൻ വീടക | 25.11.2022 | 7552 |
| 05 | ടെൻഡർ ഫോം ഫീസ് | 03.12.2022 | 5252 |
| 06 | ll | 03.02.2022 | 1971 |
| 07 | വിഇഒ -ഓഫീസ് കെട്ടിടം- ലേലം | 05.12.2022 | 13600 |
| 08 | മരം ലേലം ചെയ്ത തുക | 04.01.2023 | 43365 |
| 09 | ക്യാന്റീൻ വാടക | 20.01.2023 | 7552 |
| 10 | ടെൻഡർ ഫോം ഫീസ് | 28.02.2023 | 680 |
| 11 | ഇഎംഡി -അലമാര വാങ്ങിയത് | 28.02.2023 | 2920 |
| 12 | ഫൈൻ & പെനാൽറ്റി | 02.03.2023 | 728 |
| 13 | ll | ll | 1440 |
| 14 | ll | ll | 439 |
| 15 | ll | ll | 1535 |
| 16 | ക്യാൻറ്റീൻ വാടക | 15.03.2023 | 7552 |
| 17 | ഡെപ്പോസിറ്റ് | 29.03.2022 | 65671 |
| 18 | ll | ll | 9828 |
| 19 | ll | ll | 160 |
| 20 | സെക്യൂരിറ്റി ഡെപ്പോസിറ്റ് | 29.03.2023 | 4960 |
| 21 | ക്യാൻറ്റീൻ വാടക | 30.03.2023 | 11328 |
| 22 | ഫൈൻ | 30.03.2023 | 780 |
| 23 | ഫൈൻ | ll | 3096 |
| 24 | ഫൈൻ | ll | 464 |
| 25 | ഫൈൻ | 30.03.2023 | 1175 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (05/12.07.2023) ലഭിക്കുന്ന തുകകൾ ട്രഷറിയിൽ അടവാക്കിയതിന് ശേഷം ആയതിന്റെ കോപ്പി കക്ഷികൾക്ക് നൽകുകയാണ് ചെയ്തിരുന്നതെന്നും ഈ സാമ്പത്തിക വർഷം മുതൽ രസീത് പ്രകാരം തുക ഈടാക്കുന്ന നടപടികൾ തുടങ്ങിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.കൂടാതെ സാംഖ്യയിൽ രസീത് തയ്യാറാക്കുന്നതിന് ആവശ്യമായ കമ്പ്യൂട്ടർ,ഡോട്ട്മെട്രിക്സ് പ്രിന്റർ,സ്റ്റേഷനറി പ്രിന്റിംഗ് പേപ്പർ എന്നിവ ഈ ഓഫീസിൽ ഇല്ലാത്തതിനാലാണ് സാംഖ്യയിൽ രസീത് തയ്യാറാക്കാത്തതെന്നും, ആയത് വാങ്ങുന്നതിലേയ്ക്കുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ലഭ്യമായാലുടൻ തന്നെ സാംഖ്യയിൽ രസീതുകൾ എടുക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഇതിൽ എത്രയും വേഗം നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19.04.22 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.8 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ ആയിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 2022-23 വർഷം തയ്യാറാക്കിയ ആസ്തി സംരക്ഷണ പദ്ധതിയും ആസ്തികൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല.

2. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ പരിപാലിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ ഉൾപ്പെടുത്തിയ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ ഉത്തരവ് (ആർ റ്റി) 166/2017 എൽ.എസ്.ജി.ഡി തീയതി 20-1-2017 പ്രകാരം നിലവിൽ വന്നിട്ടുണ്ട്. അതിൻ പ്രകാരം അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) രൂപീകരിച്ച് അസറ്റ്

മാനേജ്മെന്റ് പ്ലാൻ (AMP) തയ്യാറാക്കേണ്ടതാണ്. ആസ്തികളുടെ പ്രതിമാസ, അർദ്ധവർഷ, വാർഷിക അവലോകനം നടത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതും കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കേണ്ടതുമാണ്. ബ്ലോക്ക് പഞ്ചായത്തിൽ ആസ്തി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിതിന്റെയും യോഗം ചേരുകയും മറ്റ് നടപടികൾ സ്വീകരിക്കുകയും ചെയ്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രമാണ് ഉള്ളത്. ബ്ലോക്ക് പഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.6/12.07.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരം ആസ്തി രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 വൈദ്യുത ചാർജ്ജ് /വെള്ളക്കരം വൻ തുക കുടിശ്ശിക.

1) ചിറയിൻകീഴ് താലൂക്ക് ആശുപത്രിക്ക് അസിസ്റ്റന്റ് എൻജിനീയർ ഇലക്ട്രിക്കൽ സെക്ഷൻ ചിറയിൻകീഴ് 18.03.2023 ലെ ഡിബി5/താലൂക്ക് ആശുപത്രി/22-23 നൽകിയ കത്ത് പ്രകാരം ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ ചുവടെ ചേർത്തിരിക്കുന്ന കുടിശ്ശിക തുകകൾ ഒടുക്കുവരുത്തുവാനായി ഉണ്ട്.

| ക്രമ നം. | കൺസ്യൂമർ നം | കുടിശ്ശിക തുക |
|---|---|---|
| 01 | 965 | 290656 |
| 02 | 2843 | 87398 |
| 03 | 3697 | 364409 |
| 04 | 10142 | 4738 |
| 05 | 17588 | 430177 |
| 06 | 11423 | 366528 |
| 07 | 9223 | 5571 |
| 08 | 2364 | 274490 |
| 09 | 6891 | 457467 |
| 10 | 10590 | 68476 |
| 11 | 17974 | 898372 |
| 12 | 18087 | 1192145 |
| 13 | 18265 | 98375 |
| 14 | 8407 | 1258998 |
| | ആകെ | 5797800/- |

ഇത്തരത്തിൽ വൻതുക കുടിശ്ശിക വരാനുണ്ടായകാരണം,കുടിശ്ശിക തുക ഒടുക്കുവരുത്താൻ എടുത്ത നടപടികൾ എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം - 24/19.07.2013 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2) ചിറയിൻകീഴ് താലൂക്ക് ആശുപത്രിക്ക് 25.04.2022 വരെ ചുവടെ ചേർക്കും പ്രകാരം വെള്ളക്കരം കുടിശ്ശിക ഇനത്തിൽ തുക ഒടുക്കുവരുത്തുവാനായി ഉണ്ട്.

| ക്രമ നം. | കൺസ്യൂമർ നം | കുടിശ്ശിക തുക |
|---|---|---|
| 01 | CYK/38/N | 23,93,915 |
| 02 | CYK/40/N | 3,10,768 |
| 03 | CYK/41/N | 2,86,050 |
| 04 | CYK/1924/N | 32,913 |

| | | |
|---|---|---|
| | ആകെ | 3023646 |

ഇത്തരത്തിൽ വൻതുക കുടിശ്ശിക വരാനുണ്ടായ കാരണം, കുടിശ്ശിക തുക ഒടുക്കുവരുത്താൻ എടുത്ത നടപടികൾ എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം - 25 / 19.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇത്തരത്തിൽ വൻ തുകകൾ കുടിശ്ശിക നിൽക്കുന്നത് പിഴപ്പലിശയിനത്തിലും വൻ തുക ഒടുക്കുവരുത്തുന്നതിന് കാരണമാകും. കുടിശ്ശിക തുക ഒടുക്കുവരുത്തുന്നതിനും, പിഴപ്പലിശ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11 ബ്ളോക്ക് പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കേണ്ടതാണ്

1) 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 175(6)-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ വികസന പദ്ധതികളുടെ പകർപ്പ് അതിന്റെ പ്രദേശം ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തിനും, ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ വികസന പദ്ധതിയുടെ പകർപ്പ് അതിന്റെ പ്രദേശം ഉൾപ്പെടുന്ന ജില്ലാ പഞ്ചായത്തിനും അയച്ചുകൊടുക്കുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. 2022-23 വർഷം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വരുന്ന ഏതെങ്കിലും ഗ്രാമപഞ്ചായത്തുകൾ ഇപ്രകാരം തങ്ങളുടെ വികസന പദ്ധതികളുടെ പകർപ്പ് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോയെന്നും ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പദ്ധതിയുടെ പകർപ്പ് ജില്ലാ പഞ്ചായത്തിന് അയച്ചുകൊടുത്തിട്ടുണ്ടോയെന്നും വ്യക്തമല്ല.

2) പഞ്ചായത്ത് വാർഷിക പദ്ധതികൾക്കും പഞ്ചവത്സര പദ്ധതികൾക്കും പുറമേ ഇൻഫ്രാസ്ട്രക്ചർ വികസനത്തിന് വേണ്ടി, സ്പെഷ്യൽ പ്ലാനിംഗിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടും വിഭവസമ്പത്തും തുടർന്നുള്ള വികസനത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടും, പതിനഞ്ചു വർഷക്കാലത്തേക്ക് ദീർഘവീക്ഷണത്തോടുകൂടിയ ഒരു പദ്ധതി തയ്യാറാക്കേണ്ടതും അപ്രകാരമുള്ള പദ്ധതി ബന്ധപ്പെട്ട ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതുമാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 175(4)-ാം വകുപ്പ് നിഷ്കർഷിക്കുന്നുണ്ട്. 2022-23 വർഷം ബ്ലോക്ക് പഞ്ചായത്ത് ഈ വ്യവസ്ഥപ്പെടുത്തൽ പ്രകാരം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.20/19.07.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1)-ാം വകുപ്പ് പ്രകാരം മധ്യതലത്തിൽ സൃഷ്ടിക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ നാലാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇത്തരം വ്യവസ്ഥപ്പെടുത്തലുകൾ സഹായകരമാകുമെന്നതിനാൽ നിയമവ്യവസ്ഥ യഥാവിധി പാലിക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി -ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തുക 2040000/- രൂപ തടസ്സം വയ്ക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 78/2023 |
| പേര് | ക്ഷീരസമൃദ്ധി-പാലിന് സബ്സിഡി |
| അടങ്കൽ | 2040000/- |
| ചെലവ് | 2040000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

2022-23 സാമ്പത്തിക വർഷത്തിൽ ക്ഷീരസമൃദ്ധി -പാലിന് സബ്സിഡി(ജനറൽ) പദ്ധതിയുമായി ബന്ധപ്പെട്ട് ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിനായി ബ്ളോക്ക്പഞ്ചായത്ത് വിഹിതം ചുവടെ ചേർക്കും പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.എന്നാൽ പഞ്ചായത്തുകൾക്ക് നൽകിയ തുകകളുടെ ധനവിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ഇതുമായി ബന്ധപ്പെട്ട

2040000/-ചെലവ് തുക ഓഡിറ്റിൽ തടസ്സം വയ്ക്കുന്നു.

| ക്രമ.നം | പഞ്ചായത്ത് | തുക |
|---|---|---|
| 01 | ചിറയിൻകീഴ് | 197645/- |
| 02 | കടയ്ക്കാവൂർ | 603427/- |
| 03 | വക്കം | 211263/- |
| 04 | അഞ്ചുതെങ്ങ് | 29963/- |
| 05 | കിഴുവിലം | 722135/- |
| 06 | മുദാക്കൽ | 275567/- |

മേൽ പഞ്ചായത്തുകളുടെ ധനവിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-13 പഠനമുറി - പ്രോജക്റ്റ് അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S00145/23 |
| പ്രോജക്ടിന്റെ പേര് | പഠനമുറി എസ്.സി.പി വനിത |
| നിർവഹണം | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | 2500000 (വികസന ഫണ്ട് SCP) |
| ചെലവ് | 2500000 |

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വനിത ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി നടത്തിപ്പിലെ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ.ഉ(കൈ)നം.115/2022/തസ്വഭവ തീ. 28.05.22 സബ്സിഡി മാർഗരേഖയിലെ ഖ.7.2.13 പ്രകാരം നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് പരമാവധി 120 ചതുരശ്ര അടി വിസ്തീർണമുള്ള പഠനമുറിയാണ് നിർമ്മിക്കേണ്ടത്. എന്നാൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾ സമർപ്പിച്ച വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം നിർമ്മിച്ച പഠനമുറിയുടെ അളവ് 120 ചതുരശ്ര അടിയിൽ കൂടുതലാണ്.

| ക്രമ നമ്പർ | പേര് | വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം പഠനമുറിയുടെ വിസ്തീർണം (ചതുരശ്ര അടി) |
|---|---|---|
| 1 | അജിത.ഐ, ചരുവിള പുത്തൻവീട് | 127 (11.80 ചതുരശ്ര മീറ്റർ) |
| 2 | ശാരി, കൊന്നക്കുട്ടം | 126 |

2) 2023-24 ൽ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ച് മൂന്നാം ഗഡു തുക കൈപ്പറ്റിയിട്ടുള്ള ചുവടെ പറയുന്ന ഗുണഭോക്താക്കൾ സമർപ്പിച്ച വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പ്രകാരവും നിർമ്മിച്ച പഠനമുറിയുടെ അളവ് 120 ചതുരശ്ര അടിയിൽ കൂടുതലാണ്.

| ക്രമ നമ്പർ | പേര് | വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം പഠനമുറിയുടെ വിസ്തീർണം |
|---|---|---|

| | | (ചതുരശ്ര അടി) |
|---|---|---|
| 1 | സിന്ധു.എസ്, തെക്കുംഭാഗം | 140 |
| 2 | സംഗീത, അനു നിവാസ് | 135 (12.507 ചതുരശ്ര മീറ്റർ) |

3) താൽക്കാലിക താമസ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പഠനമുറി അനുവദിച്ചിരിക്കുന്നു.
രാഖി.എൽ.എസ്, ഹരിചന്ദനം, തെന്നൂർക്കോണം എന്നയാളിന്റെ അപേക്ഷയുടെയും കിഴുവിലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ 24.01.23 ലെ എ3 286/23 നം. താൽക്കാലിക താമസ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായം അനുവദിച്ചിരിക്കുന്നു. 2022-23 വർഷം 120000 രൂപയും (ട്രഷറി ബിൽ നം.25/03.02.23-50000 രൂപ, ട്രഷറി ബിൽ നം.43/24.03.23-70000 രൂപ) 2023-24 വർഷം 80000 രൂപയും ചേർത്ത് ആകെ 2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം പ്രകാരം നിലവിലുള്ള വീട് അപേക്ഷകയുടെ പേരിലുള്ളതല്ല എന്നും ടിയാൾ പ്രസ്തുത വീട്ടിലെ താമസക്കാരി മാത്രമാണെന്നും വ്യക്തമാണ്. താൽക്കാലിക താമസ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പഠനമുറി അനുവദിച്ചതിനുള്ള കാരണം വ്യക്തമല്ല.
4) കരാർ പ്രകാരം കരാറിൽ ഒപ്പിടുന്ന തീയതി മുതൽ രണ്ട് മാസത്തിനകം പഠനമുറി നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. 2022-23 വർഷം അഡ്വാൻസ് തുകയായ 50000 രൂപ കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമല്ല.

| ക്രമ നമ്പർ | പേര് | തുക അനുവദിച്ച ട്രഷറി ബിൽ നം./തീയതി |
|---|---|---|
| 1 | സജിതകുമാരി, എം.എസ് ഭവൻ | 19/12.01.23 |
| 2 | ശോഭന, എ.എസ് ഭവൻ | 23/25.01.23 |
| 3 | ഷിജി.വി, പുത്തൻവിള കോളനി | 40/18.03.23 |

5) അപേക്ഷകൾ പരിശോധിച്ചതിൽ നിന്നുള്ള പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള കരാറിൽ ഗുണഭോക്താവിന്റേയും നിർവഹണ ഉദ്യോഗസ്ഥന്റെയും ഒപ്പ്, കരാർ വ്യവസ്ഥകളുടെ രേഖപ്പെടുത്തൽ എന്നിവയില്ല. ഉദാ- ഗംഗ.ബി.ആർ, മേലേചരുവിള വീട്.

ബി) അപേക്ഷയോടൊപ്പമുള്ള വാല്യൂവേഷൻ സർട്ടിഫിക്കറ്റിൽ പഠനമുറിയുടെ വിസ്തീർണം സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. ഉദാ-വിലാസിനി, മങ്ങാട്ടുവിള, ബിന്ദു.വി, ശ്രുതി നിവാസ്

സി) നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് ഉൾപ്പെടുത്തിയിട്ടില്ല. ഉദാ-പുഷ്കരാക്ഷി, ചാരുവിള വീട്, രഞ്ജു.ആർ, ശാലു ഭവൻ

ഡി) അപേക്ഷകളൊന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് അർഹതാ റിപ്പോർട്ട് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇ) നിർമ്മാണത്തിന്റെ പെർമിറ്റ് /എൻ.ഒ.സി എന്നിവ ഒരു അപേക്ഷാ ഫയലിലും സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.11/14.07.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം

1,2. പഠനമുറി നിർമ്മാണഘട്ടത്തിന്റെ പരിശോധനയിൽ നിർമ്മാണചട്ടങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുന്നുണ്ടെങ്കിലും സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ് മൂലം വിസ്തീർണം കണക്കാക്കാൻ കഴിയുന്നില്ലെന്നും വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുമ്പോൾ മാത്രമാണ് ഇക്കാര്യം ശ്രദ്ധയിൽപ്പെടുന്നതെന്നും അറിയിച്ചിരിക്കുന്നു. മുൻകൂർ ഒഴികെയുള്ള ഗഡു തുകകൾ ബന്ധപ്പെട്ട അസി.എഞ്ചിനിയറുടെ മൂല്യനിർണയത്തിന്റ അടിസ്ഥാനത്തിലാണ് നൽകേണ്ടത് എന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളതിനാൽ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല.
3. അപേക്ഷകയുടെ മരണപ്പെട്ട അമ്മയുടെ പേരിലുള്ളതാണ് വീടെന്നും മരണപ്പെട്ട വ്യക്തിയ്ക്ക് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിക്കാത്ത സാഹചര്യത്തിലാണ് താൽക്കാലിക താമസ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പഠനമുറി അനുവദിച്ചതെന്നും പഠനമുറി പ്രസ്തുത ആവശ്യത്തിനു മാത്രമേ ഉപയോഗിക്കുവെന്നുള്ള ടിയാളുടെ സഹോദരങ്ങളുടെ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുള്ള സമ്മതപത്രത്തിൽ യാതൊരു നിബന്ധകളും ഉൾപ്പെടുത്തിയിട്ടില്ല.

4. പട്ടികയിലെ ക്രമ നം.1, 2 അപേക്ഷകരുടെ പഠനമുറിയുടെ പണി ആരംഭിച്ചിട്ടുണ്ടെന്നും ക്രമ നം.3 പ്രകാരമുള്ള അപേക്ഷക പണി നാളിതുവരെ ആരംഭിക്കാത്തതിനാൽ 31.08.23 നകം പണി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

5. അപേക്ഷകളിലെ പൊതുവായ അപാകതകൾ എല്ലാം തന്നെ നിലനിൽക്കുന്നവയാണ്. ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും എല്ലാ രേഖകളും പരിശോധിച്ച് അർഹത ഉറപ്പുവരുത്തിയതിനു ശേഷം മാത്രം ആനുകൂല്യം അനുവദിക്കേണ്ടതുമാണ്. താൽക്കാലിക താമസ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ 1,20,000/- രൂപ തടസ്സപ്പെടുത്തുന്നു. വീട് അപേക്ഷകയുടെ അമ്മയുടെ പേരിലുള്ളതാണെന്ന് തെളിയിക്കുന്ന രേഖകളും അവർ തമ്മിലുള്ള ബന്ധം തെളിയിക്കുന്ന രേഖകളും, സഹോദരങ്ങളുടെ പൂരിപ്പിച്ച സമ്മതപത്രവും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-14 പഠനമുറി നിർമ്മാണം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0027/23 |
| പ്രോജക്റ്റിന്റെ പേര് | പഠനമുറി (എസ്.സി.പി) |
| നിർവഹണം | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | 1496516 (വികസന ഫണ്ട് SCP) |
| ചെലവ് | 1496516 |

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണത്തിനുള്ള ധനസഹായം നൽകുന്നതിനാണ് മേൽ സ്പിൽ ഓവർ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സ.ഉ(കൈ)നം.115/2022/തസ്വഭവ തീ. 28.05.22 സബ്സിഡി മാർഗരേഖയിലെ ഖ.7.2.13 പ്രകാരം നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് പരമാവധി 120 ചതുരശ്ര അടി വിസ്തീർണമുള്ള പഠനമുറിയാണ് നിർമ്മിക്കേണ്ടത്. എന്നാൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾ സമർപ്പിച്ച വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം നിർമ്മിച്ച പഠനമുറിയുടെ അളവ് 120 ചതുരശ്ര അടിയിൽ കൂടുതലാണ് എന്നു കാണുന്നു.

| ക്രമ നമ്പർ | പേര് | വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം പഠനമുറിയുടെ വിസ്തീർണം (ചതുരശ്ര അടി) |
|---|---|---|
| 1 | സിന്ധു.എസ്, കാട്ടുവിള വീട് | 134.5 (12.5 ചതുരശ്ര മീറ്റർ) |
| 2 | ലതിക.എൽ, കുന്നംകുളത്ത് വീട് | 161.4 (15 ചതുരശ്ര മീറ്റർ) |
| 3 | നീന.എച്ച്, രേവതി ഭവൻ | 123 |
| 4 | മിനി, പുതുവൽ വീട് | 146.34 (13.6 ചതുരശ്ര മീറ്റർ) |
| 5 | സജീവ്.ജി, സ്നേഹസാന്ദ്രം | 161.83 (15.04 ചതുരശ്ര മീറ്റർ) |
| 6 | ചന്ദ്രൻ.ജി, സെയ്യൂട്ടിക്കട | 150 |
| 7 | ജയ.എൽ, അശ്വതി നിവാസ് | 149 (13.85 ചതുരശ്ര മീറ്റർ) |
| 8 | രാജു, പരുവിള പുത്തൻവീട് | 124.28 (11.55 ചതുരശ്ര മീറ്റർ) |
| 9 | ലീലാമണി.പി, പിണർവിളാകം | 146.87 (13.65 ചതുരശ്ര മീറ്റർ) |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/15.07.23 ന് മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രവൃത്തി നടപ്പാക്കുന്നുണ്ടോയെന്ന് പരിശോധന നടത്തേണ്ടതും ഇല്ലായെന്ന് ഉറപ്പാക്കിയതിനു ശേഷം മാത്രം അർഹമായ ധനസഹായം അനുവദിക്കേണ്ടതുമാണ്.

## 1-15 ബിഹേവിയറൽ തെറാപ്പിസ്റ്റിന് 2 ദിവസത്തെ വേതനം 2000 രൂപ അധികം നൽകി

| | |
|---|---|
| പദ്ധതിയുടെ പേര് | സ്പീച്ച് ബിഹേവിയർ ഒക്യുപേഷണൽ തെറാപ്പി |
| പദ്ധതി നമ്പർ | 12/23 |
| പദ്ധതി അടങ്കൽ | 515125 (വികസന ഫണ്ട് പൊതു വിഭാഗം) |
| പദ്ധതി ചെലവ് | 514024 (വികസന ഫണ്ട് പൊതു വിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥ | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ |

ബ്ലോക്ക് പരിധിയിൽ വരുന്ന 6 ഗ്രാമപഞ്ചായത്തുകളിലെ ആവശ്യമായ കുട്ടികൾക്ക് സ്പീച്ച് ബിഹേവിയർ ഒക്യുപേഷണൽ തെറാപ്പി നൽകുന്നതിനാണ് മേൽ പ്രോജക്ട് ലക്ഷ്യമിടുന്നത്. സ്പീച്ച് തെറാപ്പിയ്ക്കായി 2021-22 ൽ നിയമിച്ചിരുന്ന 2 തെറാപ്പിസ്റ്റുകളുടെ സേവനം 2022 ജൂൺ മാസം മുതൽ തുടരുന്നതിന് 18.07.22 ലെ ജനറൽ കമ്മിറ്റി യോഗത്തിൽ തീരുമാനിച്ചിരുന്നു. കൂടാതെ ബിഹേവിയറൽ തെറാപ്പിസ്റ്റായി സൂര്യ.ജെ, മുരളി മന്ദിരം, പെരുങ്ങുഴി എന്ന വ്യക്തിയെ ഇന്റർവ്യൂ മുഖേന തെരഞ്ഞെടുത്ത് ടിയാൾ 2022 സെപ്റ്റംബർ മുതൽ ജോലി ചെയ്യുന്നുണ്ട്. മേൽ തെറാപ്പിസ്റ്റുകൾക്ക് വേതനം നൽകുന്നതിനും തെറാപ്പി ഉപകരണങ്ങൾ വാങ്ങുന്നതിനുമാണ് പ്രോജക്ട് തുക ചെലവഴിച്ചിട്ടുള്ളത്.

എ) ശ്രീമതി സൂര്യയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 22.07.22 ന് ഇൻർവ്യൂ നടത്തിയിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇന്റർവ്യൂവിൽ പങ്കെടുത്ത മറ്റു ഉദ്യോഗാർത്ഥികളുടെ പേര് വിവരങ്ങളോ മറ്റു വിശദാംശങ്ങളോ ഒന്നും തന്നെ ഫയലിൽ ഇല്ല. കൂടാതെ ടിയാളെ നിയമിച്ചുകൊണ്ടുള്ള ഉത്തരവും ലഭ്യമാക്കിയിട്ടില്ല.

ബി) ബിഹേവിയറൽ തെറാപ്പിസ്റ്റായ ശ്രീമതി സൂര്യയ്ക്ക് 10/22 ൽ 20 ദിവസം ജോലി ചെയ്തതായി കണക്കാക്കി ദിവസം 1000/- രൂപ ക്രമത്തിൽ 20000/- രൂപ അനുവദിച്ചിരിക്കുന്നു (എസിആർ ബിൽ നം.169/15.12.22, ആകെ ബിൽ തുക - 120000). എന്നാൽ അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 10/22 ൽ ആകെ 18 ദിവസമാണ് ശ്രീമതി സൂര്യ ജോലി ചെയ്തിട്ടുള്ളത്. അതായത് 2000/- രൂപ അധികം നൽകിയിരിക്കുന്നു.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 28/19.07.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ തുക അടവാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-16 പർച്ചേസ് ചെയ്യുന്ന സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ വരവ് ചേർക്കുന്നില്ല

ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പ്രോജക്ട് നം. 115/23 പ്രകാരം ഐസിഡിഎസ് അഡീഷണൽ ഓഫീസിലേയ്ക്ക് പർച്ചേസ് ചെയ്തതും, പ്രോജക്ട് നം.112/23 പ്രകാരം ഐസിഡിഎസ് ഓഫീസിലേയ്ക്ക് പർച്ചേസ് ചെയ്തതുമായ ചുവടെ പറയുന്ന സാധനങ്ങൾ രജിസ്റ്ററിൽ വരവ് ചേർത്തിട്ടില്ല എന്നു കാണുന്നു.

| ക്രമ നം. | പ്രോജക്ട് നം. | ഇനം/എണ്ണം | വില | പർച്ചേസ് ചെയ്ത സ്ഥാപനം | ഇൻവോയിസ് നം./തീയതി |
|---|---|---|---|---|---|
| 1 | 115/23 | ലാപ് ടോപ് - 1 | 39121 | കെൽട്രോൺ (പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ തുക മുൻകൂറായി നൽകി) | 01593/ITP/ 09.05.23 |
| 2 | | പ്രിന്റർ - 1 | 35040 | | 02067/ITP/ 19.05.23 |
| 3 | 112/23 | പെഡസ്റ്റിയൽ ഫാൻ - 1 | 4248 | S.S. Traders | 1322/03.03.23 |

കൂടാതെ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പൂർണമല്ല. പർച്ചേസ് ചെയ്യുന്ന സാധനങ്ങളുടെ എണ്ണം, സ്പെസിഫിക്കേഷൻ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 28/19.07.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പർച്ചേസ് ചെയ്യുന്ന സാധനങ്ങൾ യഥാസമയം സ്റ്റോക്കിലെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 വയോജന ആരോഗ്യ പരിപാലന പദ്ധതി പ്രകാരം 292169 രൂപയുടെ മരുന്ന ലഭിച്ചതിന്റെ രേഖയില്ല – തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | വയോജന ആരോഗ്യ പരിപാലന പദ്ധതി |
| പദ്ധതി നമ്പർ | 66/23 |
| പദ്ധതി അടങ്കൽ | 686930 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 323073 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ |

പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുത്ത 60 വയസ്സിനു മുകളിലുള്ള വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക, ബ്ലോക്ക്തലത്തിൽ യോഗപരിശീലനം നടത്തുക, മരുന്ന വിതരണം നടത്തുക എന്നിവയാണ് മേൽ പ്രോജക്ട് ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായി 02/23, 03/23 മാസങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടന്നതായി ഫയലിൽ രേഖയുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28/05/22 സബ്സിഡി മാർഗ്ഗരേഖ ഖ. 7.6.4(1) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയും ആരോഗ്യസ്ഥാപനങ്ങൾക്ക ലഭ്യമാക്കുന്നതിനു വേണ്ടിയല്ലാതെയും മരുന്നുകൾ വാങ്ങാനോ മരുന്നിനു വേണ്ടി തുക ചെലവഴിക്കാനോ പാടില്ല. എന്നാൽ മാർഗ്ഗരേഖയിലെ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല. മരുന്ന പർച്ചേസിനു മുൻപായി നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. കൂടാതെ മരുന്നുകൾ ആരോഗ്യ സ്ഥാപനത്തിനു വേണ്ടിയല്ല പർച്ചേസ് ചെയ്തിരിക്കുന്നത്.

2. പ്രോജക്ടിന്റെ ഭാഗമായി മരുന്ന് പർച്ചേസിനായി ചുവടെ ചേർക്കും പ്രകാരം ഔഷധിയ്ക്ക് തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രൊഫോർമ ഇൻവോയിസ് നം./ തീയതി | അനുവദിച്ച തുക | എസിആർ ബിൽ നം./തീയതി |
|---|---|---|---|
| 1 | 178258/16.03.23 | 183349 | 404/27.03.23 |
| 2 | 178699/23.03.23 | 59979 | 407/27.03.23 |
| 3 | 178410/18.03.23 | 48841 | 406/27.03.23 |
| | ആകെ | 292169 | |

എന്നാൽ ബന്ധപ്പെട്ട മരുന്ന് ലഭ്യമായതിന്റെ ക്യാഷ് ഇൻവോയിസുകൾ ഫയലിൽ ഇല്ല. ബന്ധപ്പെട്ട ക്യാഷ് ഇൻവോയിസ്, സ്റ്റോക്ക് രജിസ്റ്റർ, മരുന്നിന്റെ വിതരണ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഔഷധിയുമായി 04.04.23 ൽ ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം 60 ദിവസത്തിനകം മരുന്ന ലഭ്യമാക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കരാർ കാലാവധിയ്ക്ക ശേഷവും മരുന്ന് ലഭ്യമായിട്ടുള്ളതായി കാണുന്നില്ല.

3. മാർജിൻ ഫ്രീ സൂപ്പർമാർക്കറ്റിൽ നിന്നും ഇൻവോയിസ് നം.3077/28.03.23 പ്രകാരം 250 Cloth Bag വാങ്ങിയതിന് 2500/- രൂപ ചെലവഴിച്ചിട്ടുണ്ട് (എസിആർ ബിൽ നം./തീയതി - 455/28.03.23). എന്നാൽ ടി സാധനം സ്റ്റോക്കിലെടുത്തിട്ടില്ല.

4. മെഡിക്കൽ ക്യാമ്പുമായി ബന്ധപ്പെട്ട് ഫ്ലക്സ് തയ്യാറാക്കിയതിന് ഐശ്വര്യ ലേസർ കളർ പ്രിന്റിംഗ് എന്ന സ്ഥാപനത്തിന് 1440/- രൂപ അനുവദിച്ചിട്ടുണ്ട് (ആകെ ബിൽ തുക - 19396, എസിആർ ബിൽ നം./തീയതി - 299/17.02.23). എന്നാൽ സ്ഥാപനത്തിൽ നിന്നുള്ള 1774 നം. ഇൻവോയിസിലെ തീയതി 03.02.22 ആണ്.

5. മെഡിക്കൽ ക്യാമ്പുമായി ബന്ധപ്പെട്ട് ചായ, ഊണ് എന്നിവ വാങ്ങിയതിന് കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് ജനകീയ ഹോട്ടലിന് 3600/- രൂപ അനുവദിച്ചിട്ടുണ്ട് (ആകെ ബിൽ തുക - 8988/-, എസിആർ ബിൽ നം./തീയതി - 341/15.03.23). എന്നാൽ സ്ഥാപനത്തിൽ നിന്നുള്ള 40 നം. ഇൻവോയിസിലെ തീയതി 03.03.20 ആണ്.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.33/20.07.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ ഖ. 7.6.4(3) പ്രകാരം സമഗ്ര ആരോഗ്യ പരിപാടിയിൻ കീഴിൽ ആരോഗ്യസ്ഥാപനങ്ങൾ വഴി രോഗപ്രതിരോധ മരുന്നുകൾ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കുന്നതിന് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ

അതിനു വിരുദ്ധമായി ആരോഗ്യസ്ഥാപനങ്ങൾ വഴിയല്ലാതെ ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ മുഖേന പ്രോജക്ട് നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ ഔഷധിയ്ക്ക് അനുവദിച്ച 292169/- രൂപയുള്ള മരുന്ന് ലഭ്യമായതിന്റെ ക്യാഷ് ഇൻവോയിസുകൾ, ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ, മരുന്നിന്റെ വിതരണ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ടി തുക തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതും അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-18 ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ജെന്റർ റിസോഴ്സ് സെന്റർ |
| പദ്ധതി നമ്പർ | 122/23 |
| പദ്ധതി അടങ്കൽ | 50000 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 49800 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥ | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ |

19.12.22 ലെ VI (5)-ാം നം. കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് റിസോഴ്സ് സെന്റർ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഭൗതിക സാഹചര്യം ഒരുക്കുന്നതിന് ആവശ്യമായ ഫർണിച്ചറുകൾ വാങ്ങുന്നതിന് സിഡിപിഒയെ ചുമതലപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രോജക്ടിന്റെ ഭാഗമായി സിഡ്കോയിൽ നിന്നും ചുവടെ പറയുന്ന ഫർണിച്ചറുകൾ പർച്ചേസ് ചെയ്തിട്ടുണ്ട് (ബിൽ തുക - 49800/- രൂപ, എസിആർ ബിൽ നം.337/15.03.23)

| ക്രമ നം. | ഇനം | എണ്ണം | ക്യാഷ് ഇൻവോയിസ് നം./തീയതി |
|---|---|---|---|
| 1 | Steel Table | 1 | 313/14.02.23 |
| 2 | Steel Almarah | 1 | |
| 3 | Visitors Chair | 6 | |

എന്നാൽ പർച്ചേസ് ചെയ്ത മേൽ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ വരവ് ചേർത്തിട്ടില്ല. കൂടാതെ ജെന്റർ റിസോഴ്സ് സെന്റർ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. 20.07.23ൽ നടത്തിയ സ്ഥലപരിശോധനയിൽ മേൽ സാധനങ്ങൾ അസി.എക്സിക്യൂട്ടീവ് എൻജിനിയറുടെ ഓഫീസിന്റെ താഴത്തെ നിലയിൽ സൂക്ഷിച്ചിട്ടുള്ളതായും അതിൽ 3 കസേരകൾ അസി.എക്സിക്യൂട്ടീവ് എൻജിനിയറുടെ ഓഫീസിനകത്ത് ഉപയോഗിക്കുന്നതായും കണ്ടു. 13.07.23 ലെ III (5) നം. കമ്മിറ്റി തീരുമാനത്തിലാണ് സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി അസി.എക്സിക്യൂട്ടീവ് എൻജിനിയറുടെ ഓഫീസിന്റെ മുൻവശത്തുള്ള ഭാഗം പാർട്ടീഷൻ ചെയ്തു ഉപയോഗിക്കുന്നതിനായി തീരുമാനിച്ചിട്ടുള്ളത്. ഇപ്രകാരം സെന്റർ പ്രവർത്തിക്കുന്നതിന് ആവശ്യമായ സ്ഥലം പോലും കണ്ടെത്തുന്നതിന് മാസങ്ങൾക്കുമുൻപ് തന്നെ ഫർണിച്ചറുകൾ വാങ്ങിയതിനും ജെന്റർ റിസോഴ്സ് സെന്റർ നാളിതുവരെ ആരംഭിക്കാത്തതിനുമുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.36/20.07.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എത്രയും വേഗം ജെന്റർ റിസോഴ്സ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-19 കൃഷി അനുബന്ധ വിഷയങ്ങൾ – പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

കൃഷി അനുബന്ധ വിഷയങ്ങളിലെ പ്രോജക്ട് നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1. പ്രോജ. നം. 120/23 ഞങ്ങളും കൃഷിയിലേക്ക് - വാഴകൃഷി വികസനം - വനിതാ ഗ്രൂപ്പ്

അടങ്കൽ തുക (വി.ഫ) 120000

ചെലവ് 27000

ബിൽ നമ്പർ 350/16.03.23

ചിറയിൻകീഴ് ബ്ളോക്ക് പഞ്ചായത്ത് പരിധിയിലുള്ള ചിറയിൻകീഴ്, കിഴുവിലം, വക്കം, കടയ്ക്കാവൂർ, മുദാക്കൽ, അഞ്ചുതെങ്ങ് എന്നീ ഗ്രാമ പഞ്ചായത്തുകളിലെ ഗ്രാമ സഭ തെരഞ്ഞെടുത്ത കുറഞ്ഞത് 25 സെന്റ് പാട്ടത്തിനെടുത്ത് കൃഷി ചെയ്യാൻ താല്പര്യമുള്ള 40 വനിത JLG/കുടുംബശ്രീ ഗ്രൂപ്പുകൾ വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. എന്നാൽ, പദ്ധതി മുഖേന കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്ത് പരിധിയിലെ 9 കർഷക ഗ്രൂപ്പുകൾക്ക് മാത്രമാണ് ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്. മറ്റ് പഞ്ചായത്തുകൾ ഗുണഭോക്തൃ ലിസ്റ്റ് സമർപ്പിച്ചിട്ടുണ്ടെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടില്ല. കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ മാത്രമായി പദ്ധതി നടപ്പിലാക്കിയതിനു കാരണം വിശദാമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.14/ 15.07.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബ്ളോക്ക് പഞ്ചായത്ത് പരിധിയിലെ എല്ലാ പഞ്ചായത്തിലെയും അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് ഉതകുന്ന വിധം പ്രോജക്ട് രൂപീകരിച്ച് നിർവ്വഹണം നടത്തുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. വിഷയം കൃഷി അനുബന്ധ വർക്കിംഗ് ഗ്രൂപ്പിന്റെ ശ്രദ്ധയിൽപെടുത്തുന്നു.

2. പ്രോജ. നം. 124/23 വിള ആരോഗ്യ പരിപാലന കേന്ദ്രങ്ങൾക്ക് കീടരോഗ നിയന്ത്രണോപാധികൾ വാങ്ങി നൽകൽ

അടങ്കൽ തുക (വി.ഫ) 100000

ചെലവ് 100000

ബിൽ നമ്പർ 250/01.02.23

മുദാക്കൽ, ചിറയിൻകീഴ് കൃഷി ഭവനുകളുടെ കീഴിൽ പ്രവർത്തിക്കുന്ന വിള ആരോഗ്യ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കാനുദ്ദേശിച്ചുള്ള പദ്ധതിയിൽ കൃഷി ചെയ്യുന്ന വിളകളെ ബാധിക്കുന്ന കീടരോഗങ്ങളുടെ വ്യാപ്തിയെക്കുറിച്ചും നിവാരണ പ്രവർത്തനങ്ങളെക്കുറിച്ചും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കേണ്ട കർഷകരെക്കുറിച്ചുമുള്ള റിപ്പോർട്ട് കൃഷി അസി. ഡയറക്ടർക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ജൈവകീടരോഗ നിയന്ത്രണ ഉപാധികൾ വാങ്ങി നൽകുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ(സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ. തീയതി.28.05.2022)

പ്രകാരം, ബ്ളോക്ക് തലത്തിൽ, കർഷക ഗ്രൂപ്പുകൾക്ക് ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത് (ഖ.6.1). മുദാക്കൽ ,ചിറയിൻകീഴ് കൃഷി ഭവനുകളിലെ കൃഷി ഓഫീസർമാരുടെ 04.01.22-ലെ ഓർഡർ പ്രകാരം 16.01.23-ലെ X-1174/22-23, X-1175/22-23 ഇൻവോയ്സുകൾ പ്രകാരം Tricho Cake, Nimbicidine, Pseudomonus എന്നിവ കൃഷി ഭവനുകൾക്ക് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ വിതരണം ചെയ്യുകയും ആയവ കർഷകർക്ക് വിതരണം ചെയ്ത സ്റ്റേറ്റ്മെന്റ് കൃഷി ഓഫീസർ ലഭ്യമാക്കിയിട്ടുമുണ്ട്.

(I) ഇത്തരത്തിൽ വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള പ്രോജക്ട്, മാർഗ്ഗരേഖ നിർദ്ദേശത്തിൽ നിന്ന് വ്യതിചലിച്ച് ബ്ളോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയതിനു കാരണം എന്നിവ വ്യക്തമല്ല.

(Ii) പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രത്തിനു പകരം ക്ഷീര വികസന ഓഫീസർ നൽകിയ സാക്ഷ്യ പത്രമാണ് സമർപ്പിച്ചിട്ടുള്ളത്.

മേൽ അപാകതകളിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.14/ 15.07.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണം നടക്കുന്ന വേളയിൽ, അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരണമായി പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ കൃഷി, അനുബന്ധ വർക്കിംഗ് ഗ്രൂപ്പുകൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-20 കൃഷി - പ്രോജക്ട് നിർവ്വഹണത്തിൽ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല

പതിനാലാം പഞ്ചവത്സര പദ്ധതി, പദ്ധതി മാർഗ്ഗരേഖ(സ.ഉ.(കൈ) നം.84 /2022/ത.സ്വ.ഭ.വ. തീയതി.19.04.2022) ഖ.3.5.8 പ്രകാരം ബ്ളോക്ക് പഞ്ചായത്തുകൾ ഏറ്റവും കുറഞ്ഞത് 5 ലക്ഷം രൂപ അടങ്കലുള്ള പ്രോജക്ടുകൾ മാത്രമെ ഏറ്റെടുക്കുവാൻ പാടുള്ളുവെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|---|
| 1 | 121/23 | ഞങ്ങളും കൃഷിയിലേക്ക് - കിഴങ്ങു വർഗ്ഗ കൃഷി വികസനം വനിതാ ഗ്രൂപ്പുകൾക്ക് | 80,000 |

| | | | |
|---|---|---|---|
| 2 | 120/23 | ഞങ്ങളും കൃഷിയിലേക്ക് - വാഴ കൃഷി വികസനം വനിതാ ഗ്രൂപ്പുകൾക്ക് | 1,20,000 |
| 3 | 124/23 | വിള ആരോഗ്യ പരിപാലന കേന്ദ്രങ്ങളിലേക്ക് കീട രോഗ നിയന്ത്രണോപാധികൾ വാങ്ങി നൽകൽ | 1,00,000 |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.07/14.07.23-ന് മറുപടിയായി തുടർ വർഷങ്ങളിൽ ഈ വിഷയത്തിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ബ്ളോക്ക് പഞ്ചായത്ത് പരിധിയിലെ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ മാർഗ്ഗ നിർദ്ദേശങ്ങൾകേകനസൃതമായി പ്രോജക്റ്റ് രൂപീകരിക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ - പ്രോജക്റ്റ് നിർവ്വഹണം ഉണ്ടാകുന്നില്ല – പ്രത്യേക ശ്രദ്ധ അനിവാര്യം

14-ാം പഞ്ചവത്സരക്കാലത്തേക്ക് 2022-വർഷം തയ്യാർ ചെയ്ത ചിറയിൻകീഴ് ബ്ളോക്ക് പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം , ചിറയിൻകീഴ് ബ്ളോക്ക് പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളുടെയും പ്രധാന വരുമാന മാർഗ്ഗം കൃഷി, അനുബന്ധ മേഖലകളായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള 2022-23 സാമ്പത്തിക വർഷത്തെ പ്രോജക്ടുകൾ പരിശോധിച്ചതിൽ, ഈ സാമ്പത്തിക വർഷം 3 പ്രോജക്ടുകൾ മാത്രമാണ് രൂപീകരിച്ചിട്ടുള്ളത്, ആയതിൽ ഒന്നുപോലും നടപ്പിൽ വരുത്താൻ സാധിച്ചിട്ടില്ല. ഒരു നാടിന്റെ വികസനത്തിന് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതും, നൂതന സ്വയംസംരംഭങ്ങളുടെ ആവിഷ്കരണവും അവിഭാജ്യഘടകങ്ങളായിരിക്കെ ഇതിനനുയോജ്യമായ പ്രോജക്ടുകൾ രൂപീകരിക്കുന്നതിലും നടപ്പിൽ വരുത്തുന്നതിലുമുണ്ടാകുന്ന അലംഭാവം പ്രത്യേകം നിരീക്ഷണ വിധേയമാക്കേണ്ടതും ബന്ധപ്പെട്ട ക്ഷേമകാര്യ, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പുകൾ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുമാണ്. മറ്റ് പ്രധാന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. പതിനാലാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.84 /2022/തസ്വഭവ തീയതി. 19.04.22) ഖ.7.6-ൽ ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിനും അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഊന്നൽ നൽകികൊണ്ടുള്ള പ്രത്യേകമായ പ്രാദേശിക സാമ്പത്തിക വികസന പദ്ധതി (LED Plan) ഉണ്ടായിരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള LED Plan-ന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 22/15.07.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതിൽ നിന്നും പ്രാദേശിക സാമ്പത്തിക വികസന പദ്ധതി (LED Plan) തയ്യാർ ചെയ്തിട്ടില്ല എന്ന് വിലയിരുത്തുന്നു. ബ്ളോക്ക് പഞ്ചായത്ത് പരിധിക്കനുയോജ്യമായ LED Plan തയ്യാർ ചെയ്ത് നടപ്പിൽ വരുത്തുന്നതിന് പ്രാമുഖ്യം നൽകേണ്ടതാണ്.

2. 2022-27 പദ്ധതി കാലയളവിലേക്കുള്ള സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രാദേശിക സാമ്പത്തിക വികസനം, ചെറുകിട വ്യവസായ മേഖലകളുമായി ബന്ധപ്പെട്ട അവസ്ഥാ വിശേഷം എന്നിവ ഉൾക്കൊള്ളിച്ചിട്ടില്ല. ഈ മേഖലയിലെ പ്രോജക്റ്റ് രൂപീകരണത്തിന് അവസ്ഥാ വിശേഷ വിശകലനം അനിവാര്യമാകയാൽ വിഷയത്തിൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

3. ദാരിദ്ര്യ ലഘൂകരണം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഉയർന്നു വന്നിട്ടുള്ള പ്രോജക്റ്റ് നിർദ്ദേശങ്ങൾക്കനുസൃതമായി (ഉദാ.(07.01.22-ലെ മീറ്റിംഗ്) -JLG, കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സംരംഭങ്ങൾ, തൊഴിലധിഷ്ഠിത പരിശീലനങ്ങൾ), (24.06.22--ലെ മീറ്റിംഗ് ആയിരം പേരിൽ 20 പേർക്കെങ്കിലും സ്വയം തൊഴിലും, നൈപുണ്യ വികസനത്തിനുള്ള പദ്ധതികളും കണ്ടെത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുക) ഈ നിർദ്ദേശങ്ങൾക്കനുസൃതമായ പ്രോജക്റ്റ് രൂപീകരിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

4. 2022-23 സാമ്പത്തിക വർഷം ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 3 പ്രോജക്ടുകൾ മാത്രമാണ് രൂപീകരിച്ചിട്ടുള്ളത് (സ്വയം തൊഴിൽ സംരംഭം-ഓട്ടോ റിക്ഷ വാങ്ങൽ, പേപ്പർ ക്യാരി ബാഗ് നിർമ്മാണം). പ്രോജക്ടുകളൊന്നും നടപ്പിലാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 22/15.07.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ മുൻ വർഷങ്ങളിലേതുൾപ്പെടെയുള്ള പ്രോജക്റ്റിന്റെ പ്രോജക്റ്റ് രൂപീകരണ നിർവ്വഹണ വിഷയങ്ങൾ പഠന വിധേയമാക്കി പ്രോജക്റ്റ് രൂപീകരണത്തിലും നിർവ്വഹണത്തിലും നേരിടുന്ന പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹാരം കാണുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ പ്രത്യേകം ഊന്നൽ നൽകേണ്ടതാണ്.

## 1-22 2022-23 ലെ പ്രോജക്ടിന് 2021-22 ലെ പ്രോജക്ടിന്റെ ടെൻഡർ പ്രകാരം ലാബ് റീ ഏജന്റ് വാങ്ങി

| | |
|---|---|
| പ്രോജക്ട് നം | 69/2023 |
| പേര് | എസ്സ്.സി/എസ്സ്.ടി രോഗികൾക്ക് ലാബ് റീഎജന്റ് വാങ്ങൽ |
| അടങ്കൽ | 300000/-രൂപ. (റോഡിതരം) |
| ചെലവ് | 299734/-രൂപ. |
| ബിൽ നം | 110/01.11.2022-233917/- 342/15.03.2023-65817/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി. |

2022-23 സാമ്പത്തികവർഷത്തെ എസ്സി/എസ്.ടി രോഗികൾക്ക് ലാബ് റീ എജന്റ് വാങ്ങൽ എന്ന പുതിയ പദ്ധതിക്ക്, തൻവർഷം ടെണ്ടർ ക്ഷണിക്കാതെ, 2021-22 സാമ്പത്തിക വർഷം പൂർത്തീകരിച്ച പദ്ധതിയുടെ ടെൻഡർ പ്രകാരം 299734/-രൂപയുടെ വാങ്ങൽ നടത്തിയിട്ടുണ്ട്. മുൻ സാമ്പത്തിക വർഷത്തെ ടെണ്ടർ ഉപയോഗിച്ച് തൻവർഷം റീ ഏജന്റ് വാങ്ങിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 23/07/2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം മുൻവർഷത്തെ പദ്ധതിയുടെ ടെൻഡർ ഉപയോഗിച്ച് തനത് വർഷത്തെ പദ്ധതിക്കായി വാങ്ങൽ നടത്തിയത് നടപടി ക്രമങ്ങൾക്ക് വിരുദ്ധമാണ്.

ടെണ്ടർ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ച് സാധനങ്ങൾ വാങ്ങേണ്ടതാണ്.

## 1-23 കമ്പ്യൂട്ടർ,ഫർണ്ണിച്ചർ വാങ്ങൽ, നടപടിക്രമം പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം | 108/2023 |
| പേര് | കമ്പ്യൂട്ടർ, ഫർണ്ണിച്ചർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 300000/-രൂപ. |
| ചെലവ് | 299734/-രൂപ. |
| ബിൽ നം | 110/01.11.2022-233917/- 342/15.03.2023-65817/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി അഞ്ചുതെങ്ങ് |

അഞ്ചുതെങ്ങ് സി.എച്ച്.സി ക്ക് പ്രോജക്ട് നം 108 പ്രകാരം കമ്പ്യൂട്ടർ, ഫർണ്ണിച്ചർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ ചുവടെ ചേർത്തിരിക്കുന്ന വാങ്ങലുകൾ ക്വട്ടേഷൻ ക്ഷണിക്കാതെയാണ് നടത്തിയിട്ടുള്ളത്.

1) ബിൽ നം 177/22.12.2022- 26900 രൂപ - വി സ്ററാർ സാനിട്ടറി അൻഡ് ഇലക്ട്രിക്കൽസ് അഞ്ചുതെങ്ങ് നിന്നുള്ള വാങ്ങൽ (സീലിംഗ് ഫാൻ 10 എണ്ണം, പെഡസ്റ്റിയൻ ഫാൻ -2 എണ്ണം).

2) ബിൽ നം 289/13.02.2023 – 59800/- രൂപ -ശ്രീ മഹാദേവാ ഇൻഫോ സൊല്യൂഷൻ കിളിമാനൂർ (പ്രിന്റർ, യുഎസ്ബി പ്രിന്റർ കേബിൾ, ടോണർ).

സ്റ്റോഴ്സ് പർച്ചേസ് മാന്വൽ ഖ.6.1 നിർദ്ദേശിക്കുന്ന പ്രകാരം സ്റ്റോറുകൾ സമാഹരിക്കുമ്പോൾ ഒരു വർഷത്തേയ്ക്കുള്ള ആവശ്യകത കഴിയുന്നത്ര മുൻകൂട്ടി കാണേണ്ടതാണ്. 15,000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ സ്റ്റോഴ്സ് പർച്ചേസ് മാന്വൽ ഖ.7.6, 7.31 എന്നിവയിലെ നിർദ്ദേശങ്ങൾ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ച് നടത്തേണ്ടതാണ്.

## 1-24 വക്കം ആർ.എച്ച്.സി എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ അനുബന്ധരേഖകൾ പരിശോധനയ്ക്ക്ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ടട് നം | 104/2023 |
| പേര് | ഓഫീസ്, ആശുപത്രി ഉപകരണങ്ങളും, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും |
| ഫണ്ട് | തനത് ഫണ്ട് |
| അടങ്കൽ | 750000/- രൂപ |
| ചെലവ് | 750000/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഗവൺമെന്റ് ആശുപത്രി. |

വക്കം ആർ.എച്ച്.സി യുടെ പ്രോജക്ട് നം 104 പ്രകാരം വൈദ്യുതിചാർജ്ജ് കുടിശ്ശിക,വെള്ളക്കരം കുടിശ്ശികയിനത്തിൽ 750000/-രൂപ ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ബില്ല്/രസീത് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഈ ചെലവുകളുടെ ആധികാരികത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം-35/20.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1) ബിൽ നം 73/29.09.2022 = 550000/- രൂപ വെള്ളക്കരം കുടിശ്ശിക ഒടുക്ക്-ബില്ല്/രസീത്.

2) ബിൽ നം 184/27.12.2022 – 200000/- രൂപ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഒടുക്ക് -ബില്ല്/രസീത്.

ഡിമാന്റ് നോട്ടീസ്/ബില്ല്/രസീത് എന്നിവ ബന്ധപ്പെട്ട ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്

## 1-25 പാലിയേറ്റീവ് കെയർ -മരുന്ന വാങ്ങൽ അനുബന്ധരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സം ചെയ്യുന്നു .

| | |
|---|---|
| പ്രോജക്ടട് നം. | 24/2023 |
| പേര് | സെക്കന്ററി പാലിയേറ്റിവ് കെയർ-മരുന്ന് വാങ്ങൽ |
| ഫണ്ടിനം | വികസനഫണ്ട് |
| അടങ്കൽ | 200000/-രൂപ |
| ചെലവ് | 173480/-രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഗവൺമെന്റ് ആശുപത്രി. |

| | |
|---|---|
| പ്രോജക്ടട് നം | 136/2023 |
| പേര് | സെക്കന്ററി പാലിയേറ്റിവ് കെയർ-മരുന്ന് വാങ്ങൽ |
| അടങ്കൽ | 100000/-രൂപ |
| ചെലവ് | 100000/-രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഗവൺമെന്റ് ആശുപത്രി. |

പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) അഞ്ചുതെങ്ങ് സി.എച്ച്.സി യിലെ പ്രോജക്ട് നം-24 സെക്കൻഡറി പാലിയേറ്റവ് കെയർ -മരുന്ന വാങ്ങലുമായി ബന്ധപ്പെട്ട അനുബന്ധരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ഇതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം 38/20.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

I) ബിൽ നം 36/22.08.2022 -25000/-ഐ.എച്ച്.ഡി.ബി ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ല -ടാക്സ് ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല.

Ii)ബിൽ നം 292/13.02.2023 32200/-രൂപ ഐ.എച്ച്.ഡി.ബി-ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ല ,ടാക്സ് ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല.

2) അഞ്ചുതെങ്ങ് സി.എച്ച്.സി യിലെ പ്രോജക്ട് നം 136 സെക്കൻഡറി പാലിയേറ്റീവ് -മരുന്നു വാങ്ങലുമായി ബന്ധപ്പെട്ട അനുബന്ധരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം 39/20.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

I) ബിൽ നം 175/20.12.2022 -74397/-ഐ.എച്ച്.ഡി.ബി ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ല -ടാക്സ് ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല.

Ii)ബിൽ നം 293/13.02.2023 25603/-രൂപ ഐ.എച്ച്.ഡി.ബി-ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ല, ടാക്സ് ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല.

- ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ വാങ്ങേണ്ടതും,ബന്ധപ്പെട്ട ടാക്സ് ഇൻവോയിസുകൾ പ്രകാരമുള്ള മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. ചെലവ് രേഖകളുടെ അഭാവത്തിൽ, 1,57,200/-രൂപയുടെ(25000+32200+74397+25603=1,57,200) ചെലവ് തടസ്സം ചെയ്യുന്നു.

## 1-26 ക്രമവിരുദ്ധമായി നിർമ്മാണ കാലാവധി നീട്ടിനൽകി

| | |
|---|---|
| പദ്ധതിയുടെ പേര് | ഇളമ്പ എച്ച് എസ് എസ് താഴമൺകോണം റോഡ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 31/23 |
| അടങ്കൽ | 600000/-(വികസനഫണ്ട് SCP) |
| ചെലവ് | 600000/- |
| ബിൽ നമ്പർ | 247/30.1.23 |
| എം.ബുക്ക് നമ്പർ | 376/21-22 |
| റ്റി എസ് നമ്പർ | 24861/2021-22 |

ഇളമ്പ എച്ച് എസ് എസ് താഴമൺകോണം റോഡ് നിർമ്മാണത്തിനായി 29.12.2021ന് കരാറുകാരനുമായി കരാറിൽ ഏർപ്പെട്ട് സ്ഥലം കൈമാറിയിട്ടുണ്ട്. 6 മാസമായിരുന്നു പ്രവൃത്തി പൂർത്തീകരണ കാലാവധി.
പ്രവൃത്തി ആരംഭിക്കാത്തതിനാൽ 3.2.22, 22.2.22 തീയതികളിൽ കരാറുകാരനോട് വിശദീകരണം ആവശ്യപ്പെട്ടതിനുശേഷം മാത്രമാണ് പ്രവൃത്തി ആരംഭിച്ചത്. കരാറുകാരന്റെ അപേക്ഷ പ്രകാരം 27.6.22ന് 3 മാസത്തേക്കും 27.9.22ന് വീണ്ടും 3 മാസത്തേക്കുംകൂടി കരാർ നീട്ടി നൽകി.

കേരള പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2112 പ്രകാരം ഒരു സമയം അനുവദിക്കാവുന്ന പൂർത്തീകരണ സമയം കരാർ പ്രകാരമുള്ള പൂർത്തീകരണ സമയത്തിന്റെ 25% കവിയാൻ പാടില്ല എന്നും ഒരു പ്രവർത്തിക്ക് അനുവദിക്കാവുന്ന പരമാവധി പൂർത്തീകരണ സമയം യഥാർത്ഥ പൂർത്തീകരണ സമയത്തിന്റെ പകുതിയിൽ കൂടുവാൻ പാടില്ലാത്തതുമാണ്. എന്നാൽ 6 മാസം കാലാവധിയുള്ള മേൽ പ്രവൃത്തിക്ക് വീണ്ടും 6 മാസം കൂടി സമയം അനുവദിച്ചിരിക്കുന്നു. ഓഡിറ്റ് അന്വേഷണം നം -10 തീയതി 14.07.2023ന് മറുപടിയായി ശക്തമായ മഴമൂലം ടാറിംഗ് പ്രവൃത്തികൾ ആരംഭിക്കുവാൻ താമസം നേരിട്ടതായി അറിയിച്ചിട്ടുണ്ട്.
പി.ഡബ്ല്യൂ.ഡി മാന്വലിന് വിരുദ്ധമായി നിർമ്മാണ കാലാവധി നീട്ടി നൽകിയ നടപടി ക്രമവിരുദ്ധമാണ്. ഭാവിയിൽ ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-27 ആർ ആർ എഫ് പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസം

1

| | |
|---|---|
| പദ്ധതിയുടെ പേര് | ആർ ആർ എഫ് സ്ഥാപിക്കൽ |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 32/23 |
| അടങ്കൽ | 769691/-( ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 542359/- |
| ബിൽ നമ്പർ | 239973/-385/18.3.23<br>302386/-396/24.3.23 |
| എം.ബുക്ക് നമ്പർ | 298/21-22,14/22-23 |
| റ്റി എസ് നമ്പർ | 55299/2021-22 |

2

| | |
|---|---|
| പദ്ധതിയുടെ പേര് | ആർ ആർ എഫ് മെഷീനും അനുബന്ധ സാമഗ്രികളും വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 38/23 |
| അടങ്കൽ | 2130500(ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 630500 |
| ബിൽ നമ്പർ | 470/30.3.2023 |

1.ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന് സമീപത്തായി വനിതാ തൊഴിൽ പരിശീലനകേന്ദ്രത്തിനോട് ചേർന്ന് ആർ.ആർ.എഫ്. കെട്ടിടം നിർമ്മിക്കുവാൻ പദ്ധതി തയ്യാറാക്കുകയും 2023 മാർച്ചിൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ പൂർത്തിയാക്കുകയും കെട്ടിടത്തിലേക്കാവശ്യമായ 3ഫേസ് കണക്ഷൻ സ്ഥാപിക്കുകയും ബെയിലിംഗ് മെഷീനും കൺവെയർ ബെൽറ്റും സ്ഥാപിക്കുകയും ചെയ്തു. എന്നാൽ നാളിതുവരെ ആർ.ആർ.എഫ്. പ്രവർത്തനം തുടങ്ങിയിട്ടില്ല.

2. RRF കെട്ടിടത്തിനു വേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല എന്നു പ്രാഥമിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള തീ പിടിക്കാൻ സാധ്യതയുള്ള മെറ്റീരിയലുകൾ സൂക്ഷിക്കുന്ന ഈ കെട്ടിടത്തിനു വേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ സ്ഥാപിച്ചിട്ടില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം മാലിന്യ നിക്ഷേപ സ്ഥലമായതിനാൽ ഗണം I വിഭാഗത്തിലുള്ള കെട്ടിടമായാണ് RRF നിർമ്മിച്ചിട്ടുള്ളത്. റൂൾ 26 പ്രകാരം ഇത്തരം കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ കെട്ടിടത്തിന്റെ നാലുവശവും 7.5 M തുറന്ന സ്ഥലം ഉണ്ടാകേണ്ടതാണ്. എന്നാൽ വനിത തൊഴിൽ പരിശീലനകേന്ദ്രത്തിനോട് ചേർന്നാണ് RRF നിർമ്മിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് (ആർ ടി)നം 113/2021 തസ്വഭവ തീയതി 16.1.2021 പ്രകാരം ഒരുക്കേണ്ട സുരക്ഷാക്രമീകരണങ്ങളായ ഫയർ എക്സ്റ്റിൻഗ്വിഷർ, വാട്ടർ ടാങ്ക്, പ്രഷർപമ്പ്, ഫസ്റ്റ് എയ്ഡ് സംവിധാനം മുതലായവ തയ്യാറാക്കിയിട്ടില്ല.

3. ചട്ടം 4 പ്രകാരം ഗണം I വിഭാഗത്തിൽ ഉൾപ്പെടുന്ന എല്ലാ കെട്ടിടങ്ങൾക്കും ഫയർ & റസ്ക്യൂ വിഭാഗത്തിന്റെ അംഗീകാരം വേണ്ടതാണ്. ഫയർ & റസ്ക്യൂ വിഭാഗത്തിന്റെ അംഗീകാരം നാളിതുവരെ ലഭിച്ചിട്ടില്ല.

4. KPBR Group I Hazardous വിഭാഗത്തിൽ ഉൾപ്പെടുന്ന എളുപ്പത്തിൽ തീ പിടിക്കാൻ സാധ്യതയുള്ള പ്ലാസ്റ്റിക് സൂക്ഷിക്കാനുള്ള RRF ബിൽഡിംഗ് ബ്ലോക്ക് ഓഫീസ് കോമ്പൌണ്ടനികത്ത് AXEഓഫീസിനോടും വനിത തൊഴിൽ പരിശീലനകേന്ദ്രത്തിനോട് ചേർന്നും നിർമ്മിക്കുവാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

5. പ്ളാസ്റ്റിക്ക് സംഭരിക്കുവാനുള്ള സ്ഥലസൌകര്യം നിലവിലെ RRF ൽ ഒരുക്കിയിട്ടില്ല.വനിത തൊഴിൽ പരിശീലനകേന്ദ്രം നിലവിൽ പ്രവർത്തിക്കുന്നതായും കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ചും പ്ളാസ്റ്റിക്ക് ശേഖരിക്കുന്നതിനായി ക്ളീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിവരം,മെഷീനുകളുടെ വാറണ്ടി, സർവ്വീസ് സംബന്ധമായ വിവരങ്ങൾ എന്നിവ ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം -27 തീയതി 19.07.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനൊപ്പം ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങളെല്ലാം പാലിച്ച് ആർ ആർ എഫ് എത്രയും പെട്ടെന്ന് പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 നിർമ്മാണം പൂർത്തിയായ ടേക്ക് എ ബ്രേക്ക്, പ്രവർത്തനം ആരംഭിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ടേക്ക് എ ബ്രേക്ക് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 37/23 |
| അടങ്കൽ | 2282961/-(തനത് ഫണ്ട്400000 ഗ്രാമപഞ്ചായത്ത്-600000, ധനകാര്യകമ്മീഷൻ അവാർഡ്-1282961) |
| ചെലവ് | 1682961/- |
| ബിൽ നമ്പർ | 596445/-216/11.1.23<br>254490/-386/18.3.23<br>400000/-473/31.3.23<br>432026/-477/31.3.23 |
| എം.ബുക്ക് നമ്പർ | 335/21-22, 410/21-22, 22/22-23, 30/22-23 |
| റ്റി എസ് നമ്പർ | 55299/2021-22 |

ചിറയിൻകീഴ് താലൂക്ക് ആശുപത്രിക്ക് സമീപം ടേക്ക് എ ബ്രേക്ക് നിർമ്മാണം 11.02.2022ന് ആരംഭിക്കുകയും സ്പിൽ ഓവർ പദ്ധതിയായി 29.3.2023ന് നിർമ്മാണം പൂർത്തിയാവുകയും ചെയ്തു. എന്നാൽ നാളിതുവരെ ടേക്ക് എ ബ്രേക്ക് ന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

15.3.2023ന് ഓഡിറ്റ് ടീം ടേക്ക് എ ബ്രേക്ക് സന്ദർശിക്കുകയുണ്ടായി. നിർമ്മാണം പൂർത്തിയായ കെട്ടിടം നിലവിൽ കാടുകയറി കാണപ്പെടുന്നു. സംരക്ഷണമില്ലാത്തതിനാൽ ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ മുൻവശത്ത് സ്ഥാപിച്ചിരുന്ന ബൊള്ളാർഡ് ലൈറ്റുകൾ ഇളകിയതായും സ്റ്റെയിൻലസ് ഹാൻഡ് റെയിലുകൾ വളഞ്ഞതായും ലൈറ്റുകൾ ഇളകിയിരിക്കുന്നതായും കാണപ്പെട്ടു. 2023 മാർച്ച് മാസം നിർമ്മാണം പൂർത്തിയാക്കി കൈമാറിയ ടേക്ക് എ ബ്രേക്കിന്റെ പ്രവർത്തനം നാളിതുവരെ ആരംഭിക്കാത്തതിനു കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം -17 തീയതി 15.07.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നടപടിക്രമങ്ങൾ പൂർത്തിയാക്കി എത്രയും പെട്ടെന്ന് ടേക്ക് എ ബ്രേക്ക് ന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-29 സ്ഥലം സന്ദർശിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ നിർമ്മാണം പൂർത്തിയാകുന്നതിന് കാലതാമസം

| | |
|---|---|
| പദ്ധതിയുടെ പേര് | എ കെ നഗർ കോളനി റോഡ്, പാർശ്വഭിത്തി നിർമ്മാണം രണ്ടാംഘട്ടം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 30/23 |

| | |
|---|---|
| അടങ്കൽ | 736262/-(വികസനഫണ്ട് SCP) |
| ചെലവ് | 736262/- |
| ബിൽ നമ്പർ | 3/25.5.22 |
| എം.ബുക്ക് നമ്പർ | 332/21-22 |
| റ്റി എസ് നമ്പർ | 35124/2020-21 |

എ കെ നഗർ കോളനി റോഡ്, പാർശ്വഭിത്തി നിർമ്മാണം രണ്ടാംഘട്ടം പദ്ധതി നടപ്പിലാക്കുന്നതിനായി എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 15% കുറഞ്ഞ നിരക്കിൽ അനിൽകുമാർ.എസ് എന്ന കരാറുകാരനുമായി 14.10.2020ൽ കരാറിലേർപ്പെട്ടു.

14.10.2020ന് സൈറ്റ് കൈമാറിയെങ്കിലും പ്രവൃത്തി ആരംഭിക്കാത്തതിനാൽ 25.8.2021ന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കരാറുകാരനോട് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ മാത്രമാണ് പദ്ധതി പ്രദേശത്ത് വെള്ളം കെട്ടി നിൽക്കുന്നതിനാലും തെങ്ങുകൾ മുറിച്ച് മാറ്റാത്തതിനാലും നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ലായെന്ന് കരാറുകാരൻ അറിയിച്ചത്. തുടർന്ന് സൈറ്റ് പരിശോധിക്കുകയും 25.3.2022ൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ചെയ്തു.

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് 21.06.2018 ലെ ഇ.20/6699/2018/ സി.ഇ/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാനുവൽ ഖണ്ഡിക 1601.1.2ലും പ്രതിപാദിച്ചിട്ടുണ്ട്. കൃത്യമായ സ്ഥലപരിശോധന കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് കാലതാമസം നേരിട്ടതിനാലും 5 മാസം നിർമ്മാണ കാലാവധിയുള്ള പ്രവൃത്തി പൂർത്തിയാകുന്നതിന് 15 മാസം വേണ്ടി വന്നു. ഓഡിറ്റ് അന്വേഷണം നം -9 തീയതി 14.07.2023ന് മറുപടിയായി കരാറുകാരൻ വിവരം അറിയിച്ചപ്പോൾ സൈറ്റ് സന്ദർശിച്ച് അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

സൈറ്റ് കണ്ടീഷൻ, ഡിസൈൻ, പദ്ധതിയുടെ ആവശ്യകത, പ്രത്യേകതകൾ, സ്ഥലം ഏറ്റെടുക്കൽ, തൃപ്തികരമായ പൂർത്തീകരണത്തിൽ വന്നുഭവിച്ചേക്കാവുന്ന പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ എസ്റ്റിമേറ്റിന്റെ ഭാഗമാകേണ്ടതുണ്ട്.പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യം പൂർണ്ണമായി നടപ്പിലാകണമെങ്കിൽ കൃത്യമായ എസ്റ്റിമേറ്റ് ഉണ്ടാവേണ്ടതുണ്ട്. ആയതിനാൽ സൈറ്റുകൾ കൃത്യമായി സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പ്രാധാന്യം നൽകേണ്ടതാണ്.

## 1-30 സുരക്ഷ - പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

പ്രോജക്ട് : നം.21/23, സുരക്ഷ.

| | വികസന ഫണ്ട് (ജനറൽ) | മറ്റ് പഞ്ചായത്തുകളുടെ വിഹിതം |
|---|---|---|
| അടങ്കൽ | 4,00,000 | 18,00,000 |
| ചെലവ് | 4,00,000 | 3,00,000 |

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

മാനസിക രോഗികൾക്കുള്ള ചികിത്സയും സാമൂഹ്യ ബോധവൽക്കരണവും, സ്കൂൾ മെന്റൽ ഹെൽത്ത്, ഡീ അഡിക്ഷന് തുടർ ചികിത്സ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനം, നിലവിൽ മാനസിക രോഗികൾക്കുള്ള കൗൺസിലിങ്ങും ചികിത്സയും, സമൂഹത്തിൽ മാനസിക രോഗമുള്ളവരെ കണ്ടെത്തുകയും സോഷ്യൽ സ്റ്റിഗ്മ ഇല്ലാതാക്കുകയും ചെയ്യുക, ആത്മഹത്യ പ്രവണതയും പഠന വൈകല്യവും അങ്ങനെയുള്ള എല്ലാതലങ്ങളിലുമുള്ള ഇടപെടലുകളും കെയർ ഗിവേഴ്സിനുള്ള പരിശീലനവും നൽകുന്നതിനുള്ള പദ്ധതിയായി 2019-20 സാമ്പത്തിക വർഷം മുതൽ ബ്ളോക്ക് പഞ്ചായത്തിനു കീഴിൽ നടന്നുവരുന്ന പ്രോജക്ടാണ് സുരക്ഷ. പദ്ധതിയുടെ ലക്ഷ്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പലതും ഒരു ആശുപത്രിയിലെ സൈക്കോളജി വിഭാഗം ഡോക്ടറുടെ പരിശോധന അനിവാര്യമായ

വിഷയങ്ങളാണെങ്കിലും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായാണ് പ്രോക്ട് നിർവ്വഹിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.03 /11.07. 2023-ന് മറുപടിയായി പ്രോജക്ടുമായി ബന്ധപ്പെട്ട ജീവനക്കാരുടെ വേതനം അനുവദിക്കുന്നതിനു മാത്രമായാണ് തുക ചെലവഴിച്ചിട്ടുള്ളത് എന്നും ബ്ലോക്ക് പഞ്ചായത്തിനു കീഴിലെ താലൂക്ക് ആശുപത്രിയിലെ ഡോക്ടറുടെ മേൽനോട്ടത്തിലാണ് പദ്ധതി നിർവ്വഹിക്കുന്നതെന്നുമാണ് അറിയിച്ചിട്ടുള്ളത്. പദ്ധതിമാർഗ്ഗനിർദ്ദേശങ്ങളിൽ നിന്ന് വ്യത്യസ്തമായി പ്രോജക്ട് രൂപീകരിക്കുന്ന വേളയിൽ, പ്രോജക്ടിന്റെ പ്രാധാന്യവും ആവശ്യകതയും പരിഗണിച്ച് പതിനാലാം പദ്ധതി മാർഗ്ഗനിർദ്ദേശം ഖ 3.8.5-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്ട് രൂപീകരണം നിർവ്വഹിക്കേണ്ടതുണ്ട്.

2. പ്രോജക്ട് ചെലവ് വിശദാംശം പരിശോധിച്ചതിൽ, പ്രോജക്ടുമായി ബന്ധപ്പെട്ട ജീവനക്കാരുടെ വേതനം (പഞ്ചായത്ത് തല കോ-ഓർഡിനേറ്റർമാർ, ബ്ലോക്ക് കോ-ഓർഡിനേറ്റർ, സൈക്കോളജിക്കൽ കൗൺസിലർ) അനുവദിക്കുന്നതിനു മാത്രമായാണ് തുക ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ടുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ, ലക്ഷ്യപ്രാപ്തി എന്നിവ മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ച് ലഭ്യമാക്കിയിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് / 2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 03 /11.07. 2023-ന് മറുപടിയായി സുരക്ഷ പ്രോജക്ടിന്റെ ഭാഗമായി പ്രവർത്തിക്കുന്ന പഞ്ചായത്ത് തല കോ-ഓർഡിനേറ്റർമാരുടെ, താലൂക്ക് ആശുപത്രി ഡോക്ടറുടെ മേലൊപ്പോടുകൂടിയ പ്രതിമാസ പ്രവർത്തന ഡയറിയാണ് സമർപ്പിച്ചിട്ടുള്ളത്. പതിനാലാം പദ്ധതി മാർഗ്ഗരേഖ ഖ.14ലെ നിർദ്ദേശപ്രകാരം മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

3. ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള മുദാക്കൽ, ചിറയിൻകീഴ്, കടയ്ക്കാവൂർ, വക്കം, അഞ്ചുതെങ്ങ്, കിഴുവിലം പഞ്ചായത്തുകളെ ഉൾപ്പെടുത്തി, ജോയിന്റ് വെഞ്ചർ പ്രോജക്ടായി നടപ്പിലാക്കാൻ ഉദ്ദേശിച്ച പ്രോജക്ടിന് എല്ലാ പഞ്ചായത്തുകളുടെയും പ്രാതിനിധ്യം ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. മേൽ പഞ്ചായത്തുകളുടെ വിഹിതമായി 18,00,000/- രൂപ വകയിരുത്തിയിരുന്നതിൽ, സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം, 3,00,000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ, ഫയൽ പരിശോധിച്ചതിൽ, 7,99,000 /- രൂപ പഞ്ചായത്ത് വിഹിതമായി ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് വിഹിതമായി ലഭിച്ച തുകയുടെ വിശദാംശം ( തുക അനുവദിച്ച പഞ്ചായത്ത്, ക്രെഡിറ്റ് ചെയ്ത അക്കൗണ്ട്, തീയതി എന്നിവ) , പദ്ധതി മാർഗ്ഗരേഖപ്രകാരം ജോയിന്റ് വെഞ്ചർ പ്രോജക്ടിനായി കരാർ ചമച്ചിട്ടുണ്ടെങ്കിൽ(പദ്ധതി മാർഗ്ഗരേഖ ഖ.3.5.4(5)) വിശദാംശം, മിനിട്സിന്റെ പകർപ്പ് (പദ്ധതി മാർഗ്ഗരേഖ ഖ.3.5.4 ) എന്നിവ ഓഡിറ്റ് എൻക്വയറി നം.03 /11.07. 2023- മുഖേന ആവശ്യപ്പെട്ടതിന് ഗ്രാമ പഞ്ചായത്തുകൾ തുക സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്ക് ഒടുക്കിയതിനാലാണ് സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവ് പ്രതിഫലിക്കാതിരുന്നതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. സംയുക്ത പ്രോജക്ടുകൾ രൂപീകരിക്കുന്ന വേളയിൽ, പദ്ധതി മാർഗ്ഗരേഖ ഖ.3.5.4-ലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

4. പ്രോജക്ടുമായി ബന്ധപ്പെട്ട ജീവനക്കാരുടെ നിയമനത്തിൽ, പതിനാലാം സബ്സിഡി മാർഗ്ഗരേഖ ഖ.8.6 പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

സാമൂഹിക പ്രതിബന്ധതയുടെ ഭാഗമായുള്ള പദ്ധതി എന്ന നിലയിൽ, പദ്ധതി മാർഗ്ഗരേഖയിൽ നിന്ന് വ്യത്യസ്തമായ പ്രോജക്ട് ആകയാൽ പതിനാലാം പദ്ധതി മാർഗ്ഗനിർദ്ദേശം ഖ.3.8.5-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി രൂപീകരിക്കുന്നതിനും പ്രോജക്ടിന്റെ പൂർണ്ണമായ നിർവ്വഹണത്തിനുതകുന്ന എല്ലാ ഘടകങ്ങളും ഒരുമിച്ച് ഒറ്റ പ്രോജക്ടായി രൂപീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. പ്രോജക്ടിന്റെ സമയബന്ധിതമായ മോണിറ്ററിംഗിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതാണ്.

## 1-31 ഭവന നിർമ്മാണം - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ നിലനിൽക്കുന്നു.

പ്രോജ.നം. 50/23 ആവാസ് പ്ലസ് (ജനറൽ)

ആവാസ് പ്ലസ് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ജനറൽ വിഭാഗത്തിൽപെട്ട 67 ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതിനായി രൂപീകരിച്ച പ്രോജക്ട്.

| | വികസന ഫ.(സാ.വി) | കേന്ദ്രാവിഷ്കൃത ഫ. | ഗ്രാമ പ. വിഹിതം | ജി. പ. വിഹിതം | ആകെ |
|---|---|---|---|---|---|
| അടങ്കൽ | 5228992 | 8640000 | 5040000 | 7056000 | 25964992 |
| ചെലവ് | 5207000 | 0 | 1610000 | 0 | 6817000 |

പ്രോജ.നം. 02/23 പി.എം.എ.വൈ ഭവന പദ്ധതി (ജനറൽ)

പി.എം.എ.വൈ ഭവന പദ്ധതിയ്ക്കായി 2020-21, 2021-22 വർഷങ്ങളിൽ കരാർ വച്ച ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ട 46

ഗുണഭോക്താക്കളിൽ ബാക്കി നിൽക്കുന്ന ഗുണഭോക്താക്കൾക്ക് തുക നൽകുന്നതിനായി രൂപീകരിച്ച പ്രോജക്റ്റ്.

| | സി.എഫ്.സി. | തനത് ഫണ്ട് | ആകെ |
|---|---|---|---|
| അടങ്കൽ | 711200 | 200 | 711400 |
| ചെലവ് | 708000 | 0 | 708000 |

മേൽ ഭവനനിർമ്മാണ പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജ.നം. 02/23 – 2020-21, 2021-22 വർഷങ്ങളിൽ ഭവനപദ്ധതിക്കായി എഗ്രിമെന്റ് വച്ച 46 ഗുണഭോക്താക്കൾക്ക് ബ്ളോക്ക് വിഹിതം നൽകുന്നതിനായി രൂപീകരിച്ച പ്രോജക്റ്റ് ആയിരിക്കെ, സ്പിൽ ഓവർ പ്രോജക്റ്റിനു പകരം പുതിയ പ്രോജക്റ്റായി രൂപീകരിച്ചതിനു കാരണം , 2020-21 വർഷ ഗുണഭോക്താക്കളെ 2021-22 സാമ്പത്തിക വർഷ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് തുക അനുവദിക്കാതിരുന്നതിന് കാരണം എന്നിവ ലഭ്യമല്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.31/ 20.07. 2023-ന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻവർഷ പ്രോജക്റ്റിൽ ഉൾപ്പെട്ടതും മേൽ പ്രോജക്റ്റിൽ തുക ലഭിച്ചതുമായ ഗുണഭോക്താക്കൾക്ക് തുക അധികമായി അനുവദിച്ചിട്ടില്ലെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. സ്പിൽ ഓവർ പദ്ധതികളുടെ രൂപീകരണം സംബന്ധിച്ച പദ്ധതിമാർഗ്ഗരേഖ ഖണ്ഡിക 11-ലെ നിർദ്ദേശപ്രകാരം പദ്ധതി രൂപീകരണത്തിന് ശ്രദ്ധിക്കേണ്ടതാണ്.

2. ഒരേ ഗുണഭോക്താവിന് പ്രോജ.നം. 50/23 ആവാസ് പ്ളസ് (ജനറൽ), പ്രോജ.നം. 02/23 പി.എം.എ.വൈ ഭവന പദ്ധതി (ജനറൽ) എന്നീപ്രോജക്റ്റുകളിൽ നിന്നായി ഭവനനിർമാണത്തിന് തുക അനുവദിച്ചിട്ടുണ്ട്. ഉദാ. ശ്രീമതി. അനശ്വര, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഗുണഭോക്താവിന് 1,20,000/- രൂപ പ്രോജ.നം. 02/23 പി.എം.എ.വൈ ഭവന പദ്ധതിയിൽ നിന്നും, 2,80,000/- രൂപ 50/23 ആവാസ് പ്ളസ് (ജനറൽ) പ്രോജക്റ്റിൽ നിന്നുമാണ് അനുവദിച്ചിട്ടുള്ളത്. മേൽ രണ്ട് പ്രോജക്റ്റുകളിലും ഉൾപ്പെടുത്തി തുക വിതരണം ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.31/ 20.07. 2023-ന് പ്രോജക്റ്റിൽ വകയിരുത്തിയിരുന്ന ഫണ്ടിന്റെ അപര്യാപ്തതകാരണമാണ് ഇപ്രകാരം അനുവദിച്ചതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. പ്രോജക്റ്റ് രൂപീകരണ വേളയിൽ ഫണ്ട് വകയിരുത്തുന്നതിനും ആവശ്യമുള്ള ഘട്ടങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്റ്റ് റിവൈസ് ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

3. ആവാസ് പ്ളസ് - ബെനഫിഷ്യറി രജിസ്റ്റർ പ്രകാരം ശ്രീമതി. അനശ്വര, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് 2022 -23 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന ഗഡുക്കളായി തുക അനുവദിച്ചിട്ടുണ്ട്.

| തീയതി | തുക |
|---|---|
| 13.04.22 | 48,000 |
| 20.09.22 | 62,000 |
| 28.11.22 | 48,000 |
| 14.12.22 | 70,000 |
| 26.12.22 | 98,000 |
| 14.02.22 | 50,000 |
| 13.03.23 | 24,000 |

തുക വിതരണം ചെയ്തതിൽ, ഗഡുക്കളുടെ എണ്ണത്തിൽ LIFE-ഭവനനിർമ്മാണ പദ്ധതി മാർഗ്ഗ നിർദ്ദേശം ഖ.5 പ്രകാരം 4 ഗഡുക്കളായി അനുവദിക്കണമെന്ന മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല.

4. പ്രോജ.നം. 50/23ആവാസ് പ്ളസ് (ജനറൽ) സംയുക്ത പ്രോജക്റ്റ് ആയിട്ടാണ് രൂപീകരിച്ചിട്ടുള്ളത്. എന്നാൽ, പതിനാലാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.84 /2022/തസ്വഭവ തീയതി. 19.04.22) ഖ.3.5.4 -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഖ.3.5.4(5) പ്രകാരം കരാറിൽ ഏർപ്പെട്ടതിന്റെ വിശദാംശം, ഖ.3.5.4(6)-ലെ നിർദ്ദേശപ്രകാരമുള്ള തുടർ നടപടികളുടെ വിശദാംശം എന്നിവ ലഭ്യമാക്കിയിട്ടില്ല. പ്രോജക്റ്റ് രൂപീകരണം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതം നിർവ്വഹിച്ച് ഫണ്ട് ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.

5. പ്രോജ.നം. 50/23ആവാസ് പ്ളസ് (ജനറൽ) -പ്രോജക്റ്റിനായി വകയിരുത്തിയിട്ടുള്ള കേന്ദ്രാവിഷ്കൃത ഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട് വിഹിതങ്ങൾ ചെലവഴിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.31/20.07.23-ൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്കനുസൃതമായി ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കി പ്രോജക്റ്റ് രൂപീകരിക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

തുടർ വർഷങ്ങളിൽ പ്രോജക്റ്റ് നിർവ്വഹണം അപാകതകൾ കൂടാതെ നിർവ്വഹിക്കുന്നതിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2022-23 | 0 | 1610000 | ആവാസ് പ്ലസ് ജനറൽ | 1610000 | 0 |
| | | 0 | 300000 | സുരക്ഷ | 300000 | 0 |
| | | 0 | 232000 | ആവാസ് പ്ലസ് എസ്.സി.പി | 232000 | 0 |
| | | 4132983 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 4132983 |
| ആകെ | | 4132983 | 2142000 | | 2142000 | 4132983 |

വാർഷിക ധനകാര്യ പത്രിക പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | 2021-22 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 RP-7, RP-31 പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 0 | 0 | 0 | 0 | 0 | 0 |
| വില്ലേജ്/ഗ്രാമ പഞ്ചായത്ത് വിഹിതം * | 4132983 | 4092000 | 8224983 | 2142000 | 6082983 | 1950000 |

* മുന്നിരിപ്പുണ്ടായിരുന്ന 4132983/- രൂപയുടെ ചെലവ് സുലേഖ ചെലവ് പത്രിക പ്രകാരം നടന്നിട്ടുള്ളതായി കാണുന്നില്ല. എന്നാൽ ബി-4 ഷെഡ്യൂളിൽ ടി തുക നീക്കിയിരിപ്പിൽ വന്നിട്ടില്ല. വ്യത്യാസം പൊരുത്തപ്പെടുത്തേണ്ടതാണ്.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചത് | നീക്കി യിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2022-23 | | | | | |
| കേരള വാട്ടർ | 4484375 | | - | | | 75659 | 4408716 |

| | | | | | | | |
|---|---|---|---|---|---|---|---|
| അതോറിറ്റി | | | | | | | |
| | | ആകെ | | | | 75659 | 4408716 * |
| ഭൂജല വകുപ്പ് | 72824 | 150/23 – കുഴൽക്കിണർ നിർമ്മാണം കിഴുവിലം യു.പി.എസ് | 88369 | - | 88369 | - | 161193 |
| | | ആകെ | 88369 | | 88369 | | 161193 ** |

* 2022-23 ബി-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് തുക 3847248 രൂപയാണ്. വ്യത്യാസമുള്ള 561468/- രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

** സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 150/23 – കുഴൽക്കിണർ നിർമ്മാണം കിഴുവിലം യു.പി.എസ് ന്റെ ഭാഗമായി 88369/- രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-47 ഡെപ്പോസിറ്റ് ഹെഡ്ഡിൽ വന്നിട്ടില്ല. കൂടാതെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത ടി തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. 2022-23 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 2021-22 ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക 72824/- തന്നെയാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2022-23 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഐ.എ.വൈ ലോൺ (ചിറയിൻകീഴ് എസ് സി ബി) | G.O.No. 1523/2010/LSG തീയതി 29.07.2013 | 7867950 | 1573590 | 786795 | 786795 |
| ഐ എ വൈ ലോൺ (ഇടയ്ക്കോട്എസ് സി ബി) | - | 15716148 | 7540621 | 3000000 | 4540621 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 2,56,60,533 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 8,74,61,621 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 9,12,52,947 |
| നീക്കിയിരിപ്പ് | 2,18,69,207 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2609369 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 2040000 | ശ്രീമതി സുസ്മിത .കെ.എസ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-13 | 120000 | ശ്രീമതി സനൂജ ബീഗം.എം.ആർ, പട്ടികജാതി വികസന ഓഫീസർ |
| 1-17 | 292169 | ശ്രീമതി സിജി മജീദ്, ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ |
| 1-25 | 1,57,200 | ഡോ. അനിൽ കുമാർ, മെഡിക്കൽ ഓഫീസർ |
| ആകെ | 2609369 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി സിജി മജീദ്, ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് | നവനഗർ, കുരയ്ക്കാണ്ണി, വർക്കല |
| 2 | ശ്രീമതി സനൂജ ബീഗം.എം.ആർ, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് | സിറാജ് മൻസിൽ, ചിറമുക്ക്, കണിയാപുരം |
| 3 | ഡോ. അനിൽ കുമാർ പി. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., അഞ്ചുതെങ്ങ് | അശ്വതി, പുത്തൻചന്ത, വർക്കല പി.ഒ |
| 4 | ശ്രീമതി സുസ്മിത .കെ.എസ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റ്, കാട്ടുകുളം, ചിറയിൻകീഴ് | ജയലക്ഷ്മി, കുഴിവിള, കരിമണൽ .പി.ഒ, തിരുവനന്തപുരം - 695 583 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 2 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 1 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 3 |

| | | |
|---|---|---|
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 2 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 4 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 2 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 1 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 8 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 12 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 17 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ബി.പി./806/2020, തീയതി 14.08.2020 | 29 |
| 2019-20 | കെ.എസ്.എ.ടി.വി.എം/ബി.പി/265/2022, തീയതി 19.03.2022 | 44 |
| 2020-21 | കെ.എസ്.എ.ടി.വി.എം/ബി.പി/647/2022, തീയതി 1.6.22 | 32 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം./ബി.പി./3 /2023, തീയതി 20.03.23 | 37 |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number II(1) dated 20-06-2023 and submitted on 23-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Chirayinkeezhu Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chirayinkeezhu Block Panchayat for the year 2022-2023

Date: 16/10/2023

Joint Director
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Chirayinkeezhu Block Panchayat for the Year 2022-2023.

**1.Major Observations**

1. Non-Disclosure of Assets-All active bank account details are not included in the Annual Financial Statement.

**2.Other Observations**

1. The financial ratios, notes to accounts, B-1 Shedule (Adjusted performance for the current year) are not submitted with the annual financial statement.
2.Cash flow statement-Net increase/decrease in cashflow doesnot match with the difference between the opening balance and closing balance of cash and cash equivalents.
3. The valuation of stock and stores are not done at the end of the financial year and B-14 Stock in hand

(inventories) schedule is not included in balance sheet

4. Depreciation not provided for certain fixed assets.
5. B-4 shedule- amount is not utilised and kept as liability.
6. The payment amount of Other deposits in the general trial balance does not match with actual payment in the head.
7. Balance amount of CFC Grant fund in Balance sheet does not match with respective bank account balance.
8. Asset register is not reliable for audit.
9. Utilisation Certificates are not submitted for the KWA deposit amount excluded from the B-18 schedule.
10. Misclassification of payment voucher. The amount deposited with Ground water department is not included in the RP-49 Deposit head (P) and also in the B-18 schedule.
11. Not providing provision on doubtful debt.
12. Amounts under the liability head are not refunded to the respective funds.
13. MGNREGS account details not included in the Annual Financial Statement.
14. Advance register does not match with accounts.
15. Deposit register is not maintained.
16. B-4 shedule- balance of gramapanchayat share does not match with actual balance amount.
17. Reciept is not issued for all money received.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്